18
2025
മേയ്
ഞായർ
ലക്കം 4

NAUTICAL TIMES KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.142 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-142 | പേജ് 4. വില 2.00 രൂപ



02 സംസ്ഥാനത്ത് മഴക്കാല പൂർവ്വ മുന്നൊരുക്കം

03 പ്രൊഫഷണലുകളുടെ നിർദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കും: മുഖ്യമന്ത്രി

04 കാസർഗോഡ് രേഷ്മ തിരോധാന കേസ്; 15 വർഷത്തിന് ശേഷം പ്രതി പിടിയിൽ


# ഭീകരതയ്ക്കെതിരായ പ്രചാരണം; പ്രതിനിധി സംഘത്തെ തരൂർ നയിക്കും

ന്യൂഡൽഹി: പാകിസ്ഥാൻ സ്പോൺസർ ചെയ്യുന്ന ഭീകരതയെ ആഗോളതലത്തിൽ തുറന്നുകാട്ടുന്നതിനായി അടുത്തയാഴ്ച വിവിധ രാജ്യങ്ങൾ സന്ദർശിക്കുന്ന പ്രതിനിധി സംഘത്തിൽ കോൺഗ്രസ് നേതാവ് ശശി തരൂരിനെയും ഉൾപ്പെടുത്തി കേന്ദ്രം. ഇന്ത്യയിലെ വിദേശകാര്യ പാർലമെന്ററി പാനലിന്റെ തലവൻ കൂടിയായ ശശി തരൂർ പ്രതിനിധി സംഘത്തെ നയിച്ചേക്കുമെന്നാണ് റിപ്പോർട്ട്. പ്രതിനിധി സംഘത്തെ നയിക്കാൻ കേന്ദ്ര സർക്കാർ ശശി തരൂരിനെ സമീപിച്ചതായി അദ്ദേഹവുമായി അടുത്ത വൃത്തങ്ങൾ വെളിപ്പെടുത്തി.

ഇന്ത്യപാകിസ്ഥാൻ സംഘർഷവുമായി ബന്ധപ്പെട്ട് പാർട്ടി നിലപാടിനു വിരുദ്ധമായ അഭിപ്രായപ്രകടനങ്ങൾ നടത്തിയതിന് കോൺഗ്രസ് ദേശീയ നേതൃത്വം തരൂരിനെ താക്കീത് ചെയ്തെന്ന റിപ്പോർട്ടുകൾക്കു പിന്നാലെയാണ് മോഡി സർക്കാർ, തങ്ങളുടെ സർവകക്ഷി സംഘത്തെ നയിക്കാൻ അദ്ദേഹത്തെ സമീപിച്ചിരിക്കുന്നത്. അതേസമയം, തന്നെ താക്കീത് ചെയ്തുവെന്ന തരത്തിൽ വന്ന റിപ്പോർട്ടുകൾ പ്രവർത്തകസമിതിയംഗം കൂടിയായ തരൂർ നിഷേധിച്ചിരുന്നു.

ഭീകരതയെ പിന്തുണക്കുന്ന പാകിസ്ഥാനെ കുറിച്ചുള്ള ഇന്ത്യയുടെ നിലപാട് അന്താരാഷ്ട്ര സമൂഹത്തിന് വ്യക്തമാക്കുന്നതിനായാണ് പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ നേതൃത്വത്തിൽ ഈ നയതന്ത്ര നീക്കം. തരൂരിനെ കൂടാതെ കോൺഗ്രസിൽനിന്ന് മനീഷ് തിവാരി, സൽമാൻ ഖുർഷിദ്, അമർ സിങ് തുടങ്ങിയ എംപിമാരെയും സർക്കാർ സമീപിച്ചിട്ടുണ്ട്.

നയതന്ത്ര ദൗത്യത്തിൽ പങ്കാളിത്തം ആവശ്യപ്പെട്ട് പ്രതിപക്ഷ അംഗങ്ങൾ ഉൾപ്പെടെ ഒന്നിലധികം രാഷ്ട്രീയ പാർട്ടികളിൽനിന്നുള്ള എംപിമാരെ സർക്കാർ സമീപിച്ചിട്ടുണ്ട്.

പ്രതിനിധികളുടെയും പങ്കാളികളുടെയും കൃത്യമായ എണ്ണം ഇപ്പോഴും വ്യക്തമല്ലെങ്കിലും, 30ലധികം എംപിമാർ പങ്കെടുക്കുമെന്നാണ് റിപ്പോർട്ടുകൾ. കോൺഗ്രസ്, ടിഎംസി, ഡിഎംകെ, എൻസിപി (എസ്പി), ജെഡിയു, ബിജെഡി, സിപിഎം പാർട്ടികളിൽ നിന്നുള്ള എംപിമാർ പ്രതിനിധി സംഘത്തിൽ ഉണ്ടാകുമെന്ന് പിടിഐ റിപ്പോർട്ട് ചെയ്തു.

## മോദി സർക്കാരിന്റെ ക്ഷണം ബഹുമതിയായി കാണുന്നു; തരൂർ

ന്യൂഡൽഹി: ഭീകരവാദത്തെ പിന്തുണയ്ക്കുന്ന പാക്കിസ്ഥാനെതിരെ ഇന്ത്യയുടെ നിലപാട് വിശദീകരിക്കാനുള്ള വിദേശ യാത്രയ്ക്കായുള്ള പ്രതിനിധി സംഘത്തിലേക്കുള്ള കേന്ദ്ര സർക്കാരിന്റെ ക്ഷണം സ്വീകരിച്ചതായി ശശി തരൂർ എംപി. സർക്കാർ ക്ഷണം ബഹുമതിയായി കാണുന്നെന്ന് തരൂർ പ്രതികരിച്ചു.

ദേശതാത്പര്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിന്ന് മാറി നിൽക്കില്ലെന്ന് തരൂർ വ്യക്തമാക്കി. കേന്ദ്രസംഘത്തെ നയിക്കുന്നവരുടെ പട്ടികയും തരൂർ എക്സിൽ പങ്കുവ



ച്ചു. പ്രതിനിധി സംഘത്തിലേക്കുള്ള പട്ടികയിൽ തരൂരിന്റെ പേര് കോൺഗ്രസ് നിർദേശിച്ചിരുന്നില്ല. കേന്ദ്ര സർക്കാരിനോട് കോൺഗ്രസ് നിർദേശിച്ച പേരുകൾ ജയറാം രമേശ് പുറത്തുവിട്ടിരുന്നു. മുൻ കേന്ദ്രമന്ത്രി ആനന്ദ് ശർമ, ഗൗരവ് ഗഗോയ്, സയ്ദ് നസീർ ഹുസൈൻ, രാജ ബ്രാർ എന്നിവരുടെ പേരുകളാണ് കോൺഗ്രസ് മുന്നോട്ടുവച്ചത്. എന്നാൽ ഇത് പരിഗണിക്കാതെ തന്നെ തരൂരിനെ കേന്ദ്രം പട്ടികയിൽ ഉൾപ്പെടുത്തുകയായിരുന്നു.



## ഐഎസ്ആർഒയുടെ 101ാം വിക്ഷേപണം; പിഎസ്എൽവി സി61 ഇന്ന് കുതിച്ചുയരും

ശ്രീഹരിക്കോട്ട: ഐഎസ്ആർഒയുടെ പിഎസ്എൽവി സി61 വിക്ഷേപണം ഇന്ന് . ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് രാവിലെ 5.59നാണ് വിക്ഷേപണം. ഐഎസ്ആർഒയുടെ 101ാം വിക്ഷേപണമാണിത്.

വിക്ഷേപണത്തിനായുള്ള കൗണ്ട്ഡൗൺ സ്പേസ് സെന്ററിൽ ആരംഭിച്ചു.ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇഒഎസ്09 (റിസാറ്റ് 1ബി) നെ ആണ് പിഎസ്എൽവി ഭ്രമണപഥത്തിലെത്തിക്കുക. വിക്ഷേപണം നടന്ന് 17 മിനിറ്റിനുള്ളിൽ ഉപഗ്രഹമായ ഇഒഎസ് 09നെ ഭ്രമണപഥത്തിലെത്തിക്കാൻ സാധിക്കുമെന്ന് ഐഎസ്ആർഒ വ്യക്തമാക്കി. പോളാർ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെ (പിഎസ്എൽവി) 63ാമത്തെ വിക്ഷേപണം കൂടിയാണ് നാളെ നടക്കാനിരിക്കുന്നത്.

ഏകദേശം 1,696 കിലോഗ്രാം ഭാരമുള്ള ഭൗമ നിരീക്ഷണ ഉപഗ്രഹമാണ് ഇഒഎസ്09 (റിസാറ്റ്1ബി). കൃഷി, വനം, ദുരന്തനിവാരണം, നഗര ആസൂത്രണം, ദേശ സുരക്ഷ എന്നിവയുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്ക് ഉപഗ്രഹത്തിൽ നിന്നുള്ള വിവരങ്ങൾ നിർണായകമാണ്. ഭൂമിയുടെ ഉപരിതലത്തിന്റെ ഉയർന്ന റെസല്യൂഷനുള്ള കാലാവസ്ഥാ ഇമേജിങ് നൽകുന്നതിനും ഉപഗ്രഹത്തിൽനിന്നുള്ള വിവരങ്ങൾ സഹായകരമാകും. നിലവിലുള്ള ഭൗമനിരീക്ഷണ ഉപഗ്രഹങ്ങളായ റിസോഴ്സാറ്റ്, കാർട്ടോസാറ്റ്, റിസാറ്റ്2ബി തുടങ്ങിയവയുടെ പട്ടികയിലേക്കാണ് ഇഒഎസ്09 കൂടി ചേർക്കപ്പെടുന്നത്. 5 വർഷമാണ് ഇഒഎസ്09ന്റെ ആയുസ്.

## പാകിസ്ഥാന് വിവരങ്ങൾ ചോർത്തി നൽകി; വനിത വ്ളോഗർ ഉൾപ്പെടെ ആറ് പേർ പിടിയിൽ

ന്യൂഡൽഹി: പാകിസ്ഥാന് വേണ്ടി ചാരപ്രവർത്തനം നടത്തിയെന്ന കേസിൽ വനിത ട്രാവൽ വ്ളോഗർ അറസ്റ്റിൽ. ഹരിയാന ഹിസർ സ്വദേശി ജ്യോതി മൽഹോത്രയാണ് പിടിയിലായത്. കേസുമായി ബന്ധപ്പെട്ട് വ്ളോഗർ ഉൾപ്പെടെ ആറ് പേരെ പൊലീസ് പിടികൂടിയിട്ടുണ്ടെന്നാണ് സൂചന. ഇതിൽ ഒരു വിദ്യാർത്ഥിയും മുൻ പൊലീസ് ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതായും റിപ്പോർട്ടുകൾ പറയുന്നു. 'ട്രാവൽ വിത്ത് ജോ' എന്നാണ് ജ്യോതി മൽഹോത്രയുടെ യൂട്യൂബ് അക്കൗണ്ടിന്റെ പേര്.

ജ്യോതിക്ക് പുറമെ പഞ്ചാബ് സ്വദേശിനി ഗുസാല, യാമീൻ മുഹമ്മദ്, ഹരിയാന സ്വദേശികളായ ദേവീന്ദർ സിങ് ധില്ലൺ, അർമാൻ തുടങ്ങിയവരാണ് അറസ്റ്റിലായ മറ്റുള്ളവർ എന്നാണ് റിപ്പോർട്ട്. ഒഫീഷ്യൽ സീക്രട്ട് ആക്ടിലെ (1923) 3, 5 വകുപ്പുകൾ അനുസരിച്ചും ഭാരതീയ ന്യായ സംഹിത 152 അനുസരിച്ചുമാണ് ജ്യോതിയെ അറസ്റ്റ് ചെയ്തിരിക്കുന്നത്. വ്ളോഗർ ഉൾപ്പെടെയുള്ളവർ അഞ്ച് ദിവസത്തെ റിമാൻഡിൽ ആണെന്നാണ് റിപ്പോർട്ട്.

പാകിസ്ഥാൻ ഹൈക്കമ്മീഷനിലെ ജീവനക്കാരനായ എഹ്സാൻഉർറഹീം എന്ന ഡാനിഷുമായി ജ്യോതിയ്ക്ക് അടുത്ത ബന്ധം ഉണ്ടായിരുന്നു എന്നാണ് പൊലീസ് നൽകുന്ന സൂചനകൾ. 2023ൽ ജ്യോതി രണ്ട് തവണ പാകിസ്ഥാൻ സന്ദർശിച്ചിരുന്നു. ഈ സമയത്ത് അലി എഹ്വാൻ എന്നയാൾ മുഖേന പാകിസ്ഥാൻ സുരക്ഷാ ഉദ്യോഗസ്ഥരായ ഷാകിർ, റാണ ഷഹബാസ് എന്നിവരെ പരിചയപ്പെട്ടിരുന്നു എന്നും ദേശീയ മാധ്യമ റിപ്പോർട്ടുകൾ പറയുന്നു. ജ്യോതിയെ പാക് ഉദ്യോഗസ്ഥർക്ക് പരിചയപ്പെടുത്തി നൽകിയതിൽ പാകിസ്ഥാൻ ഹൈക്കമ്മീഷൻ ഉദ്യോഗസ്ഥൻ ഇടപെട്ടിരുന്നു എന്ന് ജ്യോതി വെളിപ്പെടുത്തിയതായാണ് റിപ്പോർട്ടുകൾ.

പഹൽഗാം ഭീകരാക്രമണത്തിന് പിന്നാലെ ഇന്ത്യ പാകിസ്ഥാനുമായുള്ള നയതന്ത്ര ബന്ധങ്ങൾ വെട്ടിക്കുറച്ച സമയത്ത് രാജ്യം വിടാൻ നിർദേശിച്ച ഉദ്യോഗസ്ഥൻ കൂടിയാണ് ഡാനിഷ്.

## പിണറായി സർക്കാരിന്റെ നാലാം വാർഷികം; 20ന് യുഡിഎഫ് കരിദിനം ആചരിക്കും

തിരുവനന്തപുരം: പിണറായി സർക്കാരിന്റെ നാലാം വാർഷിക ദിനമായ 20ന് യുഡിഎഫിന്റെ നേതൃത്വത്തിൽ കരിദിനമായി ആചരിക്കുമെന്ന് കൺവീനർ അടൂർ പ്രകാശ് എംപി അറിയിച്ചു. അന്നു പ്രാദേശിക തലത്തിൽ യുഡിഎഫ് കരിങ്കൊടി പ്രകടനം നടത്തും.

നിയോജക മണ്ഡലങ്ങളിൽ നടക്കുന്ന വികസനപദ്ധതികളുടെ ഉദ്ഘാടന ചടങ്ങുകളിൽ എംപിമാർ, എംഎൽഎമാർ, തദ്ദേശ ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും. കാരണം അത് അവരുടെ കൂടി അധ്വാനത്തിന്റെ ഫലമാണ്. അല്ലാതെയുള്ള എല്ലാ ആഘോഷ പരിപാടികളും യുഡിഎഫ് പൂർണമായി ബഹിഷ്ക്കരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സർക്കാരിന്റെ ജനവിരുദ്ധ പ്രവർത്തനം തുറന്നു കാട്ടുന്നുള്ള ബദൽ പ്രചാരണ പരിപാടികളും യുഡിഎഫ് സംഘടിപ്പിക്കും. ലഹരി വലയിൽപ്പെട്ട് ജീവിതം ഹോമിക്കുന്ന മകനെ ഭയന്നുകഴിയുന്ന അമ്മമാരുടെ നാടായി കേരളത്തെ മാറ്റി എന്നതു മാത്രമാണ് പിണറായി വിജയന്റെ ഒമ്പതു വർഷത്തെ ഭരണ നേട്ടമെന്നും അടൂർ പ്രകാശ് പറഞ്ഞു.

## ആക്രമിക്കും മുന്നെ പാകിസ്ഥാനെ അറിയിച്ചു, ആര് അധികാരംനൽകി, എത്ര വിമാനം നഷ്ടപ്പെട്ടു, ചോദ്യവുമായി രാഹുൽ

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂർ തുടങ്ങുന്ന ഘട്ടത്തിൽ തന്നെ ആക്രമിക്കാൻ പോകുന്നുവെന്ന കാര്യം പാകിസ്ഥാനെ അറിയിച്ചുവെന്ന ആരോപണവുമായി പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. വിദേശകാര്യ മന്ത്രാലയം പൊതുയിടത്തിൽ ഇക്കാര്യം സമ്മതിച്ചതാണ്. ഇതിന് ആരാണ് അധികാരം നൽകിയതെന്നും അദ്ദേഹം ചോദിച്ചു.

ഭീകരകേന്ദ്രങ്ങൾ ഇന്ത്യ ലക്ഷ്യമിടുന്നവെന്ന് കേന്ദ്ര സർക്കാർ പാകിസ്ഥാനെ നേരത്തെ അറിയിച്ചുവെന്നും ഇത് കുറ്റകരമാണെന്നും രാഹുൽ ഗാന്ധി എക്സ് പ്ലാറ്റ്ഫോമിൽ കുറിച്ചു. വ്യോമസേനയുടെ എത്ര വിമാനങ്ങൾ ഓപ്പറേഷൻ സിന്ദൂറിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്നും രാഹുൽ ഗാന്ധി എക്സ് പോസ്റ്റിൽ ചോദിച്ചു



ഭീകരവാദ കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നുവെന്ന് വിദേശ കാര്യമന്ത്രി എസ്. ജയ്ശങ്കർ പറയുന്ന വീഡിയോ ദൃശ്യങ്ങളടക്കം പങ്കുവെച്ചുകൊണ്ടായിരുന്നു രാഹുൽ ഗാന്ധിയുടെ വിമർശനം. ഇസ്ലാമാബാദുമായി ഇത്തരം വിവരങ്ങൾ പങ്കുവെച്ചതിന്റെ ഫലമായി ഇന്ത്യൻ വ്യോമസേനയ്ക്ക് എത്ര വിമാനങ്ങൾ നഷ്ടപ്പെട്ടുവെന്നും രാഹുൽ ഗാന്ധി ചോദിച്ചു.

ഓപ്പറേഷൻ ആരംഭിക്കുമ്പോൾ തന്നെ പാകിസ്ഥാന് സന്ദേശം അയച്ചിരുന്നു. ഞങ്ങൾ തീവ്രവാദികളെയാണ് ലക്ഷ്യമിടുന്നത്, സൈന്യത്തെയല്ല. അതുകൊണ്ട് തന്നെ സൈന്യത്തിന് ഇതിൽ നിന്ന് വേറിട്ടുനിൽക്കാവുന്നതാണ്. എന്നാൽ അവർ ആ ഉപദേശം സ്വീകരിക്കാൻ തയ്യാറായില്ല എന്നായിരുന്നു എസ്. ജയ്ശങ്കർ പറഞ്ഞത്. ഈ വീഡിയോ അടക്കം പങ്കുവെച്ചുകൊണ്ടായിരുന്നു രാഹുലിന്റെ വിമർശനം.

## സ്വന്തം നിലയിൽ പരോൾ നൽകരുത്: ജയിൽ മേധാവിക്ക് ആഭ്യന്തര സെക്രട്ടറിയുടെ നിർദേശം

തിരുവനന്തപുരം: തടവുകാരുടെ പരോൾ കാര്യത്തിൽ സ്വന്തം ഇഷ്ടപ്രകാരം തീരുമാനമെടുക്കേണ്ടെന്ന് ജയിൽ മേധാവിയോട് നിർദേശം നൽകി ആഭ്യന്തര സെക്രട്ടറി. പോലീസ് റിപ്പോർട്ട് എതിരായിട്ടും ജയിൽ മേധാവി പരോൾ നൽകിയെന്ന് ആക്ഷേപം ഉയർന്നിരുന്നു. പോലീസ് റിപ്പോർട്ട് എതിരായാൽ ജയിൽ ഉപദേശക സമിതിയുടെ അംഗീകാരത്തോടെ മാത്രമെ തടവുകാർക്ക് പരോൾ അനുവദിക്കാവുവെന്നാണ് ആഭ്യന്തര സെക്രട്ടറിയുടെ നിർദേശം.

വിസ്മയ കേസിൽ കോടതി കുറ്റക്കാരനെന്ന് കണ്ടെത്തി തടവ് ശിക്ഷ അനുഭവിച്ച് വന്നിരുന്ന കിരണിന് പരോൾ അനുവദിച്ചത് ഏറെ വിവാദമായിരുന്നു. ഈ സംഭവ വികാസങ്ങളുടെ പശ്ചാത്തലത്തിലാണ് ആഭ്യന്തര സെക്രട്ടറി നിർദേശം നൽകിയിരിക്കുന്നത്.




# സംസ്ഥാനത്ത് മഴക്കാല പൂർവ്വ മുന്നൊരുക്കം അടിയന്തരമായി പൂർത്തീകരിക്കാൻ തീരുമാനം

സംസ്ഥാനത്ത് മഴക്കാല പൂർവ്വ മുന്നൊരുക്കം അടിയന്തരമായി പൂർത്തീകരിക്കാൻ തീരുമാനം. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേർന്ന ഉന്നതതല യോഗം ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി.മെയ് 20നകം ജില്ലാതലത്തിൽ യോഗം ചേർന്ന് മഴക്കാല ദുരന്ത സാധ്യതകളെ നേരിടാൻ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കണമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച റവന്യു മന്ത്രി കെ രാജൻ പറഞ്ഞു. ജില്ലാ, താലൂക്ക് തലങ്ങളിൽ തയ്യാറാക്കിയിട്ടുള്ള ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം കൃത്യമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കാൻ ആവശ്യമായ പരിശീലനങ്ങൾ നൽകണം.

ദുരന്ത സാധ്യതാ പ്രദേശങ്ങളിലുള്ളവരുടെ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും വില്ലേജ് തലത്തിലും പുതുക്കണം. ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ആദ്യ ആഴ്ചയിൽ പ്രത്യേക ജില്ലാതല അവലോകന യോഗം നടത്തണം. ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെയൊ ജില്ലാകളക്ടറുടെയൊ നേതൃത്വത്തിലാണ് യോഗം ചേരേണ്ടത്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിക്കുന്ന ഓറഞ്ച് ബുക്ക് പ്രകാരമുള്ള മുന്നൊരുക്ക നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിച്ചുവെന്ന് ഉറപ്പാക്കണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി മഴക്കാല പൂർവ്വ ശുചീകരണം ആരംഭിക്കണം. വേനൽ മഴ ശക്തമാകുന്നതിന് മുൻപ് ഓടകൾ, കൈത്തോടുകൾ, കൾവർട്ടുകൾ, ചെറിയ കനാലുകൾ എന്നിവയിലെ തടസ്സങ്ങൾ നീക്കണം.

മാലിന്യ നിർമാർജനം വേഗത്തിൽ നടത്തുകയും മഴയ്ക്ക് മുൻപായി പൊതു ഇടങ്ങളിൽ മാലിന്യം കെട്ടികിടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം. കൊതുക് നിർമ്മാർജ്ജനം വ്യാപകമായി നടത്തണം. ഓടകൾ, നീർച്ചാലുകൾ, പൊതുജലാശയങ്ങൾ മുതലായ എല്ലാ ജല നിർഗമന പാതകളും വൃത്തിയാക്കണം.

ദുരിതാശ്വാസ ക്യാമ്പുകൾ നടത്തുന്നതിനായി ഉപയോഗിച്ചു വരുന്ന കെട്ടിടങ്ങളിലും ക്യാമ്പുകളായി ഉപയോഗിക്കാൻ കണ്ടെത്തിയ കെട്ടിടങ്ങളിലും ശുചിമുറികൾ, വൈദ്യുതി, ലൈറ്റ്, ഫാൻ, അടുക്കള മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണം. ക്യാമ്പുകൾ നടത്താനായി കണ്ടെത്തിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ എല്ലാ പ്രാദേശിക സർക്കാർ ഓഫീസുകളിലും പൊതു സ്ഥലങ്ങളിലും പരസ്യപ്പെടുത്തണം.

അപകടാവസ്ഥയിലുള്ള മരങ്ങൾ, മരച്ചില്ലകൾ, ഹോർഡിങ്ങുകൾ, പോസ്റ്റുകൾ തുടങ്ങിയവ സുരക്ഷിതമാക്കുന്ന പ്രവർത്തനം മഴയ്ക്കു മുന്നോടിയായി പൂർത്തീകരിക്കണം.

ദേശീയ പാത നിർമ്മാണവുമായി ബന്ധപ്പെട്ട് രൂപം കൊള്ളാനിടയുള്ള വെള്ളക്കെട്ടുകൾ ഇല്ലാതാക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിഹാര പദ്ധതി തയ്യാറാക്കണം.

എല്ലാ പൊഴികളും ആവശ്യമായ അളവിൽ തുറന്ന് അധിക ജലം പുറത്തേക്ക് ഒഴുക്കണം. ഇത് മെയ് 25ന് മുൻപായി പൂർത്തീകരിക്കണം. പ്രധാന റെഗുലേറ്ററുകൾ, സ്പിൽ വേകൾ എന്നിവയുടെ മുൻപിലും, പുറകിലുമുള്ള തടസ്സങ്ങൾ നീക്കണം. എല്ലാ ഷട്ടറുകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അണക്കെട്ടുകളിലെ ജലം കേന്ദ്ര ജലകമ്മിഷൻ അംഗീകരിച്ച റൂൾ കർവ്വിന് മുകളിൽ എത്തുന്നില്ലെന്ന് റൂൾ കർവ് നിരീക്ഷണ സമിതി ഉറപ്പാക്കണം.

നഗര മേഖകളിൽ ഡ്രെനേജ് സംവിധാനങ്ങൾ വൃത്തിയാക്കി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കണം. ഇത് മോണിറ്റർ ചെയ്യാൻ എല്ലാ ജില്ലകളിലും പ്രത്യേക സംവിധാനം രൂപീകരിക്കണം. ഓപ്പറേഷൻ ബ്രേക്ക്ത്രൂ, ഓപ്പറേഷൻ അനന്ത തുടങ്ങിയവക്ക് തുടർച്ചയുണ്ടാണം. അവയുടെ നിലവിലെ അവസ്ഥ പരിശോധിച്ച് അടിയന്തിര മുൻകരുതലുകൾ എടുക്കണം. കോഴിക്കോട് കനോലി കനാലിലെ ഒഴുക്ക് സുഗമമാക്കി ഡ്രെനേജ് സംവിധാനം കാര്യക്ഷമമമാക്കണം.

അടിയന്തിര പ്രതികരണ സേന പുനരുജ്ജീവിപ്പിച്ച് ദുരന്ത സാധ്യതാ മുന്നറിയിപ്പ്, രക്ഷാപ്രവർത്തനം, പ്രഥമ ശുശ്രൂഷ, ക്യാമ്പ് മാനേജ്മെന്റ് എന്നിവയിൽ പരിശീലനം ഉറപ്പാക്കണം.

സമഗ്രമായ ആശുപത്രി സുരക്ഷാ പ്രവർത്തന പദ്ധതി ആരോഗ്യ കേന്ദ്രങ്ങളിൽ ആവിഷ്കരിക്കണം.

ട്രൈബൽ ഹാംലെറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കണം. കുടുംബശ്രീയുമായി ചേർന്ന് സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതിരോധ സേനയെ സജ്ജമാക്കാൻ ആവശ്യമായ വോളണ്ടിയർ പരിശീലനം സംഘടിപ്പിക്കണം.

ഉരുൾപ്പൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിലെ വീടുകളിൽ താമസിക്കുന്നവരുടെ പ്രത്യേക പട്ടിക തയ്യാറാക്കണം. ഈ പ്രദേശത്തെ മുഴുവൻ ആളുകളുടെയും മൊബൈൽ ഫോൺ നമ്പറുകൾ ശേഖരിച്ച് മദുരന്ത സാധ്യതാ മുന്നറിയിപ്പ് എത്തിക്കണം.

ദുരന്ത സാധ്യതാ പ്രദേശങ്ങളിലെ അതിഥി തൊഴിലാളികളുടെ വിവര ശേഖരണം നടത്തി മഴ, ദുരന്ത സാധ്യതാ മുന്നറിയിപ്പ് എത്തിക്കണം.

സ്കൂളുകളുടെ സുരക്ഷ പരിശോധിച്ച് ഉറപ്പാക്കണം. ചുറ്റുമതിൽ, മേൽക്കൂര, സമീപത്തുള്ള മരങ്ങൾ എന്നിവ അപകടാവസ്ഥയിലല്ലെന്ന് ഉറപ്പാക്കണം. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറത്തിറക്കിസ്കൂൾ ആപ്പ് ഉപയോഗിച്ച് എല്ലാ സ്കുളുകളും സ്കൂൾ സുരക്ഷാ പദ്ധതി തയ്യാറാക്കണം. സ്കൂൾ സേഫ്റ്റി പദ്ധതി സംബന്ധിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകണം.

റോഡിൽ പണി നടക്കുന്നയിടങ്ങളിൽ സുരക്ഷാ ബോർഡുകൾ സ്ഥാപിക്കാൻ നാഷണൽ ഹൈവേ, പൊതുമരാമത്ത് വകുപ്പ്, റോഡ് സേഫ്റ്റി അതോറിറ്റി എന്നിവർക്ക് പ്രത്യേക നിർദേശം നൽകണം. റോഡിലുള്ള കുഴികൾ അടക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. കുഴികളും മറ്റും രൂപം കൊണ്ടിട്ടുള്ള സ്ഥലങ്ങളിൽ ആളുകൾക്ക് അപകടം സംഭവിക്കാതിരിക്കാനുള്ള മുന്നറിയിപ്പ് ബോർഡുകൾ വെക്കണം. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കണം.

ഉരുൾപൊട്ടൽ സാധ്യതയുള്ള മലയോര മേഖലയിൽ ബോധവൽക്കരണം നടത്തണം. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അപകടസാധ്യത മുന്നറിയിപ്പുകൾ പ്രദർശിപ്പിക്കണം.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥലം/കെട്ടിടം കണ്ടെത്തി രക്ഷാപ്രവർത്തിന് ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ സംഭരിക്കണം. ആപ്തമിത്ര, സിവിൽ ഡിഫെൻസ് തുടങ്ങിയ പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരെ അഗ്നി സുരക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ ഈ കേന്ദ്രവുമായി ബന്ധിപ്പിക്കണം.

ഗ്രാമപഞ്ചായത്തിന് 1 ലക്ഷം രൂപയും മുനിസിപ്പാലിറ്റിക്ക് 3 ലക്ഷം രൂപയും കോർപറേഷന് 5 ലക്ഷം രൂപവരെയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിർദേശിക്കുന്ന ഉപകരണങ്ങൾ വാങ്ങുവാനും സംഭരണകേന്ദ്രം ആരംഭിക്കുന്നതിനും ജില്ലാദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും ആവശ്യാനുസരണം അനുവദിക്കേണ്ടതാണെന്ന് മന്ത്രി പറഞ്ഞു. കൂടുതലായി ഉപകരണങ്ങൾ ആവശ്യമായി വന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ തുക/ഉപകരണങ്ങൾ സ്വരൂപിക്കണം. സമഗ്രമായി പരിഷ്ക്കരിച്ച ഓറഞ്ച് ഡാറ്റ ബുക്ക് മെയ് 25നകം പുറത്തിറക്കണം.ആരോഗ്യ ജാഗ്രതാ കലണ്ടറിൽ നിർദ്ദേശിച്ച പ്രകാരം പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കണം.

രണ്ടാഴ്ചയിൽ ഒരിക്കൽ ജില്ലാതലത്തിൽ അവലോകനയോഗം ചേർന്ന് പകർച്ചവ്യാധികളുടെ സ്ഥിതിഗതികൾ വിലയിരുത്തണം. എല്ലാ ആഴ്ചയിലും ജില്ലാ സർവൈലൻസ് ഓഫീസർമാരുടെ അവലോകനയോഗം ചേരണം.

പ്രാണിജന്യ, ജന്തുജന്യ, വായുജന്യ രോഗങ്ങളുടെ വ്യാപനം തടയുന്നതിന് മുൻകരുതലുകൾ സ്വീകരിക്കണം.വാർഡുതലം മുതൽ സംസ്ഥാനതലം വരെ എല്ലാ വകുപ്പുകളും ഏജൻസികളും ഏകോപിതമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കണം. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയും ജില്ലാതലത്തിൽ കളക്ടർമാരും ഏകോപനം ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ മന്ത്രിമാരായ എ.കെ. ശശീന്ദ്രൻ, എം.ബി. രാജേഷ്, പി പ്രസാദ്, വി. ശിവൻകുട്ടി, ആർ. ബിന്ദു, വിണാ ജോർജ്, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ ഖോബ്രഗഡെ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ പങ്കെടുത്തു.

## അഭിമുഖം

തിരുവനന്തപുരം സർക്കാർ ആർട്സ് കോളേജിൽ 2025-26 അധ്യയന വർഷത്തിൽ ബയോകെമിസ്ട്രി വിഭാഗത്തിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് ഗസ്റ്റ് അധ്യാപക നിയമനത്തിനായി മേയ് 27 രാവിലെ 11 മണിക്ക് അഭിമുഖം നടക്കും. കോളേജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവർ ബയോഡാറ്റ, അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം പ്രിൻസിപ്പാളിന്റെ ചേമ്പറിൽ അഭിമുഖത്തിന് ഹാജരാകണം.

## ടിംബർ സെയിൽസ് ഡിവിഷൻ തടി വിൽപ്പന : ഇ-ലേലം ജൂണിൽ

വനം വകുപ്പിന്റെ ഭാഗമായ തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള വിവിധ തടി ഡിപ്പോകളിൽ ഇ-ലേലം നടത്തുന്നു. തേക്കും, മറ്റു തടിയിനങ്ങളുമാണ് ഇ-ലേലം ചെയ്യുന്നത്. തേക്കിന് 50,000 രൂപയും മറ്റിനങ്ങൾക്ക് 25,000 രൂപയുമാണ് നിരതദ്രവ്യമായി സമർപ്പിക്കേണ്ടത്. തെൻമല, കുളത്തൂപ്പുഴ തടി ഡിപ്പോകളിൽ ജൂൺ 4നും ആര്യങ്കാവ്, അച്ചൻകോവിൽ തടി ഡിപ്പോയിൽ 10നും മുള്ളുമല, തെന്മല തടി ഡിപ്പോകളിൽ 20നും കുളത്തൂപ്പുഴ, ആര്യങ്കാവ് തടി ഡിപ്പോകളിൽ 26 നുമാണ് ഇ-ലേലം നടക്കുക. കൂടുതൽ വിവരങ്ങൾക്ക്: 0471-2360166, രജിസ്ട്രേഷന് www.mstceccomerce.com, www.forest.kerala.gov.in വെബ്സൈറ്റുകൾ സന്ദർശിക്കുക.

## കരാർ നിയമനം

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കൺസൾട്ടന്റ് പ്രോജക്ട് മാനേജർ തസ്തികയിൽ കരാർ നിയമനം നടത്തുന്നു. മേയ് 20 മുതൽ ജൂൺ 5 വരെ അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക്: www.cmd.kerala.gov.in .

## കമ്പ്യൂട്ടർ എയ്ഡഡ് ഡ്രാഫ്റ്റിംഗ് കോഴ്സ്

ഗവ. ഐ.ടി.ഐ കളമശ്ശേരി ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഗവ. അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിങ് സിസ്റ്റത്തിൽ ഒന്നരമാസം ദൈർഘ്യമുള്ള കമ്പ്യൂട്ടർ എയ്ഡഡ് ഡ്രാഫ്റ്റിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ നേരിട്ട് സമർപ്പിക്കാം. ഐ.ടി.ഐ ട്രേഡുകൾ (എൻ.ടി.സി/ എൻ.എ.സി) പാസായവർക്കോ, ഡിപ്ലോമ/ ഡിഗ്രിയുള്ളവർക്കോ, മൂന്ന് വർഷത്തെ പ്രാക്ടിക്കൽ പ്രവർത്തിപരിചയമുള്ളവർക്ക് സ്പോൺസർഷിപ്പോടു കൂടിയോ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0484 2557275, 9495323026.

# മീസൽസ്, റൂബെല്ല വാക്സിനേഷൻ സമ്പൂർണമാക്കുന്നതിന് പ്രത്യേക ക്യാമ്പയിൻ

### മീസിൽസ് റൂബെല്ല നിവാരണ പക്ഷാചരണം മേയ് 19 മുതൽ 31 വരെ

മീസൽസ്, റൂബെല്ല രോഗങ്ങളുടെ നിവാരണം ലക്ഷ്യമിട്ട് 5 വയസ് വരെയുള്ള കുഞ്ഞുങ്ങളുടെ വാക്സിനേഷൻ സമ്പൂർണമാക്കുന്നതിന് ആരോഗ്യ വകുപ്പ് രണ്ടാഴ്ചത്തെ പ്രത്യേക ക്യാമ്പയിൻ ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മേയ് 19 മുതൽ 31 വരെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലാണ് പ്രത്യേക ക്യാമ്പയിൻ നടത്തുക. മറ്റ് 8 ജില്ലകളിൽ വാക്സിനേഷൻ കവറേജ് കുറഞ്ഞ പ്രദേശങ്ങളിൽ സ്ഥാപന തലത്തിലുള്ള ക്യാമ്പയിനും സംഘടിപ്പിക്കും. നമ്മുടെ കുഞ്ഞുങ്ങളെ മീസൽസ്, റൂബെല്ല രോഗങ്ങളിൽ നിന്നും സംരക്ഷിക്കാൻ എല്ലാവരും കുഞ്ഞുങ്ങൾക്ക് വാക്സിൻ എടുത്തു എന്ന് ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

5 വയസ് വരെയുള്ള എല്ലാ കുഞ്ഞുങ്ങളും മീസൽസ്, റൂബെല്ല വാക്സിന്റെ രണ്ട് ഡോസുകളും എടുത്തുവെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. ഈ ക്യാമ്പയിന്റെ ഭാഗമായി മീസൽസ്, റൂബെല്ല വാക്സിനേഷൻ ഡോസുകൾ എടുക്കാൻ വിട്ടുപോയ 5 വയസ് വരെയുള്ള കുഞ്ഞുങ്ങളെ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ കണ്ടെത്തി വാക്സിനേഷൻ നൽകും. ക്യാമ്പയിൻ നടക്കുന്ന എല്ലാ ജില്ലകളിലേയും എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും രണ്ടാഴ്ച ഇതിനായി വാക്സിനേഷൻ സൗകര്യമൊരുക്കും. പ്രത്യേക വാക്സിനേഷൻ ക്യാമ്പുകളും അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ലക്ഷ്യമിട്ട് മൊബൈൽ വാക്സിനേഷൻ ബൂത്തുകളും സജ്ജമാക്കും.

കുഞ്ഞുങ്ങൾക്ക് വാക്സിൻ നിഷേധിക്കുന്ന കുടുംബങ്ങളെ ബോധവത്കരിക്കാൻ തദ്ദേശ സ്ഥാപന തലത്തിൽ സാമൂഹിക പ്രവർത്തകരെ കൂടി ഉൾപ്പെടുത്തി സമ്പൂർണ വാക്സിനേഷൻ ജാഗ്രതാ സമിതികൾ രൂപീകരിക്കും. മീസൽസ് റൂബെല്ല രോഗങ്ങളുടെ വാക്സിനേഷൻ പ്രവർത്തനങ്ങൾക്കൊപ്പം വാക്സിൻ മൂലം തടയാവുന്ന മറ്റ് 10 രോഗങ്ങളുടെ വാക്സിനുകൾ എടുക്കാൻ വിട്ടുപോയവർക്ക് അവകൂടി എടുക്കാൻ അവസരം നൽകും.

എന്താണ് മീസൽസ് റൂബെല്ല?

മണ്ണൻ എന്ന പേരിൽ നാട്ടിൻപുറങ്ങളിൽ അറിയപ്പെടുന്ന രോഗമാണ് മീസൽസ് അഥവാ അഞ്ചാം പനി. ന്യൂമോണിയ, വയറിളക്കം, മസ്തിഷ്ക അണുബാധ (എൻസെഫിലൈറ്റിസ്) എന്നിവയിലേക്ക് നയിച്ച് മരണം വരെ സംഭവിക്കാവുന്ന രോഗമാണ് മീസിൽസ്. മീസൽസ് പോലെ തന്നെ കുരുക്കൾ ശരീരത്തിൽ പ്രത്യക്ഷപ്പെടുന്ന മറ്റൊരു രോഗമാണ് റുബെല്ല അഥവാ ജർമ്മൻ മീസൽസ്. ഇത് ഗർഭാവസ്ഥയിൽ പിടിപെട്ടാൽ ഗർഭസ്ഥ ശിശുവിനെ സാരമായി ബാധിക്കാറുണ്ട്. ഗർഭമലസൽ, ജനിക്കുന്ന കുഞ്ഞിന് അംഗവൈകല്യം, കാഴ്ച ഇല്ലായ്മ, കേൾവി ഇല്ലായ്മ, ബുദ്ധിമാന്ദ്യം, ഹൃദയ വൈകല്യം എന്നിവയുണ്ടാക്കുന്നു.

എന്താണ് മീസൽസ് റൂബെല്ല വാക്സിൻ?

വളരെ പെട്ടന്ന് പകരുന്നതും കുഞ്ഞുങ്ങളിലും ഗർഭസ്ഥശിശുക്കളിലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നതുമായ മാരക രോഗങ്ങളാണ് മീസൽസ്, റൂബെല്ല. എന്നാൽ ഒരു വാക്സിൻ കൊണ്ട് ഈ അസുഖങ്ങളെ ചെറുക്കാനാകും. കുഞ്ഞ് ജനിച്ച് 9-12, 16-24 മാസങ്ങളിൽ നൽകുന്ന രണ്ട് ഡോസ് മീസൽസ്, റൂബെല്ല വാക്സിനുകളിലൂടെ കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനും ജീവൻ രക്ഷിക്കാനും സാധിക്കും. കേരളത്തിൽ 92 ശതമാനം കുഞ്ഞുങ്ങൾ മീസൽസ്, റൂബെല്ല ആദ്യ ഡോസും, 87 ശതമാനം കുഞ്ഞുങ്ങൾ രണ്ടാം ഡോസും സ്വീകരിച്ചുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ക്യാമ്പയിന്റെ പ്രാരംഭ പ്രവത്തങ്ങൾ മേയ് ആദ്യ വാരം ആരംഭിച്ചിരുന്നു. ജനപ്രതിനിധികൾ, കുടുംബശ്രീ, അങ്കണവാടി പ്രവർത്തകർ, സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. 5 വയസ് വരെയുള്ള കുഞ്ഞുങ്ങളുടെ സമ്പൂർണ വാക്സിനേഷൻ പൂർത്തിയാക്കാൻ ഈ പരിപാടി കൂടുതൽ സഹായകമാകുമെന്നതിനാൽ എല്ലാ രക്ഷകർത്താക്കളും കുഞ്ഞുങ്ങൾക്ക് എല്ലാ വാക്സിനുകളും നൽകി എന്ന് ഈ ക്യാമ്പയിനിലൂടെ ഉറപ്പ് വരുത്തേണ്ടതാണ്.

## 'കണ്ണാടി-2 മുഖദർശനം മ്യൂസിയം ദർശനം' ഉദ്ഘാടനം 21ന്

അന്താരാഷ്ട്ര മ്യൂസിയം ദിനാഘോഷത്തോട് അനുബന്ധിച്ച് സംസ്ഥാന പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ് കണ്ണാടി-2 മുഖദർശം മ്യൂസിയം ദർശനം എന്ന പേരിൽ വൈവിധ്യമായ പരിപാടികൾ സംഘടിപ്പിക്കുന്നു. മ്യൂസിയങ്ങൾ ജനങ്ങളിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായാണ് മേയ് 21, 22, 23 തിയതികളിൽ പരിപാടികൾ നടക്കുക. പൈതൃക വീഥി പ്രദർശനം, നൈറ്റ് മ്യൂസിയം തുടങ്ങിയവയ്ക്കു പുറമേ കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്.

പരിപാടികളുടെ ഔപചാരിക ഉദ്ഘാടനം കേരള ചരിത്ര പൈതൃക മ്യൂസിയം പരിസരത്ത് മേയ് 21ന് വൈകിട്ട് 5 മണിക്ക് വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. വി കെ പ്രശാന്ത് എംഎൽഎ അദ്ധ്യക്ഷനാകും. വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, മുൻ ചീഫ് സെക്രട്ടറി ഡോ. വേണു വി, പുരാവസ്തു ഡയറക്ടർ ഡോ. ഇ ദിനേശൻ, മ്യൂസിയം, മൃഗശാല വകുപ്പ് ഡയറക്ടർ മഞ്ജുളാദേവി പി എസ്, പുരാരേഖ വകുപ്പ് ഡയറക്ടർ ഇൻചാർജ് പാർവതി എസ്, കേരളമ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർ ആർ ചന്ദ്രൻ പിള്ള, നഗരസഭ കൗൺസലർ പാളയം രാജൻ തുടങ്ങിയവർ പങ്കെടുക്കും.

## ഫീഡ് അനലിസ്റ്റ് ഒഴിവ്

സസ്ഥാനത്തെ ഒരു സർക്കാർ സ്ഥാപനത്തിൽ ഫീഡ് അനലിസ്റ്റ് തസ്തികയിൽ ഒരു താൽക്കാലിക ഒഴിവ് നിലവിലുണ്ട്. പ്രായപരിധി 18-41 വയസ് (01.01.2025 ന് 41 വയസ് കവിയാൻ പാടില്ല). വെറ്ററിനറി സയൻസ്/ ബയോ കെമിസ്ട്രി/ കെമിസ്ട്രി/ അനിമൽ ന്യൂട്രീഷ്യൻ ഡിഗ്രി/ കേന്ദ്രസർക്കാർ/ കാർഷിക സർവകലാശാല എന്നിവയിൽ നിന്നും ഫീഡ് അനാലിസിസ് കോഴ്സ് പൂർത്തിയാക്കിയിട്ടുള്ള ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുമായി മെയ് 24 നകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം. ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കണം.

## സീനിയർ റസിഡന്റ് കരാർ നിയമനം

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റ് (ജനറൽ മെഡിസിൻ) തസ്തികയിലെ ഒഴിവുകളിലേക്ക് താൽകാലികാടിസ്ഥാനത്തിൽ കരാർ നിയമനം നടത്തുന്നതിന് മെയ് 21 രാവിലെ 11 മണിക്ക് അഭിമുഖം നടത്തും. വിശദവിവരങ്ങൾക്ക് : www.gmckollam.edu.in.

## മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രതാ നിർദേശം

കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മെയ് 18 മുതൽ 20 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിലെ സിവിൽ സർവീസ് അക്കാദമിയിൽ 2025-26 അധ്യയന വർഷത്തെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. കേരളത്തിലെ അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കുമാണ് പരിശീലനം നൽകുന്നത്. ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഒരു വർഷമാണ് കോഴ്സിന്റെ കാലാവധി. ക്ലാസുകൾ ജൂൺ ആദ്യവാരം ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പണത്തിനും www.kile.kerala.gov.in/kileiasacademy സന്ദർശിക്കുക. ഫോൺ: 0471- 2479968, 8075768537.

## മലപ്പട്ടത്തെ കോൺഗ്രസിന്റെ രക്തസാക്ഷി സ്തൂപം വീണ്ടും തകർത്തു

കണ്ണൂർ: മലപ്പട്ടം അടുവാപ്പുറത്ത് കോൺഗ്രസ് പുനർനിർമ്മിക്കുന്ന സ്തൂപം വീണ്ടും തകർത്തു. ആക്രമണത്തിന് പിന്നിൽ സിപിഎം ആണെന്ന് കോൺഗ്രസ് ആരോപിച്ചു. നേരത്തെ ഉണ്ടായിരുന്ന സ്തൂപം സിപിഎം പ്രവർത്തകർ തകർത്തെന്ന് ആരോപിച്ച് കോൺഗ്രസ് രംഗത്ത് എത്തിയിരുന്നു. സ്തൂപം തകർത്തതിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ നേതൃത്വത്തിൽ ജനാധിപത്യ അതിജീവന യാത്ര നടത്തിയിരുന്നു. യാത്രയ്ക്കിടെ സിപിഎം - യൂത്ത്കോൺഗ്രസ് പ്രവർത്തകർ ഏറ്റുമുട്ടിയത് വൻ സംഘർഷത്തിൽ കലാശിച്ചിരുന്നു. ഇതിന് പിന്നാലെയാണ് സ്തൂപം വീണ്ടും തകർത്തത്. തുടർ സംഘർഷങ്ങൾ ഒഴിവാക്കാൻ പ്രദേശത്ത് കൂടുതൽ പോലീസുകാരെ വിന്യസിച്ചിട്ടുണ്ട്.

## പബ്ലിക് റിലേഷൻസ് ഓഫീസർ നിയമനം

കേരള വന ഗവേഷണ സ്ഥാപനത്തിലെ ഫോറസ്ട്രി എക്സ്റ്റൻഷൻ ആന്റ് കൾട്ടിവേഷൻ എജ്യുക്കേഷൻ പ്രോഗ്രാംസിലേക്ക് പബ്ലിക് റിലേഷൻസ് ഓഫീസറുടെ താത്കാലിക നിയമനത്തിന് ജൂൺ 2 ന് രാവിലെ 10 മണിക്ക് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ അഭിമുഖം നടത്തും. വിശദവിവരങ്ങൾക്ക്: www.kfri.res.in.

## എം.ബി.എ - എൽ.എൽ.ബി : പ്രവേശന പരീക്ഷക്ക് 19 വരെ അപേക്ഷിക്കാം

2025-26 അധ്യയന വർഷത്തെ എം.ബി.എ (കെ-മാറ്റ്), സംയോജിത പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷക്ക് മേയ് 19 ഉച്ചക്ക് 12 മണിവരെ അപേക്ഷിക്കാം. കെ-മാറ്റ് പരീക്ഷ മേയ് 31 നും എൽ.എൽ.ബി പ്രവേശന പരീക്ഷ ജൂൺ 1 നും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടക്കും. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in .

## കോഴ്സുകളിൽ പ്രവേശനം

ആറ്റിങ്ങൽ സർക്കാർ ഐ.ടി.ഐയിൽ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു മുതൽ യോഗ്യത ഉള്ളവർക്ക് തൊഴിലധിഷ്ഠിത പ്ലേസ്മെന്റ് സപ്പോർട്ടോടു കൂടിയ ഇന്റർനാഷണൽ ഡിപ്ലോമ ഇൻ എയർ കാർഗോ ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഇന്റർനാഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 9074874208.

## പ്രോജക്ട് ഫെല്ലോ ഒഴിവ്

കേരള വന ഗവേഷണ സ്ഥാപനത്തിൽ ജൂൺ 30 വരെ കാലാവധിയുള്ള ഗവേഷണ പദ്ധതിയായ ഡിസൈൻ ആൻഡ് കോൺഡക്ട് ഓഫ് ഫോറസ്ട്രി ട്രെയിനിംഗ് പ്രോഗ്രാംസിൽ പ്രോജക്ട് ഫെല്ലോ താൽക്കാലിക ഒഴിവിലേക്ക് നിയമിക്കുന്നതിനായി ജൂൺ 2 ന് രാവിലെ 10 ന് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ വച്ച് അഭിമുഖം നടത്തുന്നു.

# പ്രൊഫഷണലുകളുടെ നിർദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കും: മുഖ്യമന്ത്രി




പ്രൊഫഷണലുകളുമായുള്ള മുഖ്യമന്ത്രിയുടെ സംവാദ പരിപാടിയായ പ്രൊഫഷണൽ കണക്ട് 2025 ൽ മുഖ്യമന്ത്രി പിണറായി വിജയൻ ആമുഖ പ്രസംഗം നടത്തുന്നു.

വിവിധ ശാസ്ത്ര, സാങ്കേതിക മേഖലകളിലെ പ്രൊഫഷണലുകൾ നിർദ്ദേശിച്ച ആശയങ്ങളിൽ നയരൂപീകരണമടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിയമസഭാ ശങ്കര നാരായണൻ തമ്പി ഹാളിൽ നടന്ന പ്രൊഫഷണലുകളുമായുള്ള സംവാദ പരിപാടിയായ പ്രൊഫഷണൽ കണക്ട് 2025 ൽ പ്രതിനിധികളുടെ നിർദേശങ്ങൾക്ക് മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി.

സ്റ്റാർട്ടപ്പ് രംഗത്ത് ഏഷ്യയിലെ ഏറ്റവും മികച്ച പ്രകടനമാണ് കേരളം നടത്തുന്നത്. ഈ രംഗത്ത് വ്യവസായ ലോകത്തു നിന്നുള്ള മെന്റർമാരുടെ സേവനം കാര്യക്ഷമമാക്കണമെന്ന പ്രതിനിധിയുടെ നിർദേശം സർക്കാർ സ്വാഗതം ചെയ്യുന്നു. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വ്യക്തികളുമായും സ്ഥാപനങ്ങളുമായും സഹകരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി മറുപടിയായി പറഞ്ഞു. വിദ്യാർഥികൾക്ക് പഠനത്തിന് ശേഷമുള്ള ഇന്റേൺഷിപ്പ് നൽകുന്നതിന് വിവിധ സ്ഥാപനങ്ങളുമായി നിലവിലുള്ള സഹകരണം വിപുലമാക്കും. നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ വെഞ്ചർ ക്യാപിറ്റൽ ആകർഷിക്കാൻ സംസ്ഥാനത്തിന് കഴിയേണ്ടതുണ്ട്. ജൈവ വൈവിധ്യം ഉപയോഗിച്ചുള്ള വ്യവസായം, ഔഷധ നിർമാണ മേഖലയിലെ സാധ്യതകൾ, കാർഷിക, ഭക്ഷ്യ മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണം തുടങ്ങിയ മേഖലകളിൽ സംസ്ഥാന സർക്കാർ നല്ല ശ്രദ്ധ നൽകുന്നുണ്ട്. നൂതനവും നവീനവുമായ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കൂടുതൽ മികച്ച മുന്നേറ്റം നടത്താൻ കഴിയണം. ട്രാൻസ്ലേഷൻ റിസർച്ച് ലാബുകൾക്ക് കേരളത്തിൽ തുടക്കമായി. അന്തർദേശീയ നിലവാരത്തിൽ പ്രത്യേക കേന്ദ്രം എന്ന നിർദേശം സംസ്ഥാന സർക്കാർ പരിഗണിക്കും. ദാരിദ്ര്യം ഏറ്റവും കുറഞ്ഞ ഇന്ത്യൻ സംസ്ഥാനമാണെങ്കിലും സമ്പൂർണ പോഷകാഹാര വിതരണം എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. വിളർച്ച പ്രശ്നമായി നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ പോഷകാഹാരം എല്ലാവരിലേക്കും എത്തിക്കാൻ കഴിയണം.വൻകിട ജലവൈദ്യുത പദ്ധതികളുടെ പ്രായോഗിക പ്രശ്നങ്ങൾ കണക്കിലെടുത്ത് ചെറുകിട, ഹരിതോർജ പദ്ധതികൾ സർക്കാർ വ്യാപകമാക്കുകയാണ്. ബയോ മെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ സൗകര്യങ്ങൾ വേണമെന്ന നിർദേശം സ്വാഗതം ചെയ്യുന്നു. നിലവിൽ വിവിധ മെഡിക്കൽ കോളേജുകളിൽ മാലിന്യ സംസ്കരണ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഗവേഷണ കേന്ദ്രങ്ങളുടെ പരസ്പര സഹകരണം, ഗവേഷണ മേഖലയിലെ ക്ലൗഡ് സോഴ്സിംഗ്, ഗ്രീൻ ഫിനാൻസിംഗ് തുടങ്ങിയ നിർദേശങ്ങളെ മുഖ്യമന്ത്രി സ്വാഗതം ചെയ്തു.പൊതു ചർച്ചയിലൂടെ സ്കൂൾ സമയം ക്രമീകരിക്കുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളും മാസ്റ്റർ പ്ലാൻ അനുസരിച്ചാണ് നിലവിൽ പ്രവർത്തിക്കുന്നത്. വ്യവസായ മേഖലയുമായി സഹകരിച്ചു കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ, തൊഴിൽ പരിശീലനം എന്നിവ ആരംഭിച്ചു കഴിഞ്ഞു. സയൻസ് പാർക്ക് നിർമാണ പൂർത്തീകരണത്തിന് ശേഷം പൊതുസ്വകാര്യ പങ്കാളിത്തം അടക്കമുള്ള മോഡലുകളിൽ ഏത് വേണമെന്ന് ചർച്ച ചെയ്തു തീരുമാനിക്കാവുന്നതാണ്. സഹകരണ മേഖലയുമായി നബാർഡ് മുന്നോട്ടുവച്ച നിർദേശങ്ങളെ മുഖ്യമന്ത്രി സ്വാഗതം ചെയ്തു. ഊർജ മേഖല, ഉത്തരവാദിത്ത ടൂറിസം, മത്സ്യ മേഖല തുടങ്ങിയവയിൽ കൂടുതൽ നിക്ഷേപങ്ങൾക്കുള്ള സാധ്യതകൾ പരിശോധിക്കും. പ്രാഥമിക സഹകരണ സംഘങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വ്യത്യസ്ത മേഖലകളിൽ അവരുടെ ശേഷി ഉപയോഗിക്കണമെന്നത് മികച്ച നിർദേശമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.പ്രായോഗികമായി ഉപയോഗിക്കാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ രേഖപ്പെടുത്തി ലാൻഡ് യൂസ് പോളിസി എന്ന ആശയം പരിഗണിക്കും. നിർമാണത്തിന് ശേഷം വീടുകൾ പൂട്ടിയിട്ട് ജോലിക്കായി പോകുന്ന പ്രവാസികൾക്ക് ഹോം സ്റ്റേ സംരംഭവുമായി സഹകരിക്കാവുന്നതാണ്. ഉത്തരവാദിത്തപ്പെട്ട പൊതുസംരഭത്തിന് കീഴിൽ വീട് നൽകുകയും വരുമാനം ലഭിക്കുകയും ഉടമയുടെ ആവശ്യത്തിനനുസരിച്ച് ഉപയോഗിക്കാനും കഴിയും. വീടുകൾ ഇൻഷ്വർ ചെയ്യണം എന്ന പ്രതിനിധിയുടെ നിർദേശം എല്ലാവരും പരിഗണിക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. മത്സ്യ സമ്പത്തടക്കം വർധിപ്പിച്ച് സമുദ്ര മേഖലയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുക, വിദേശത്തെ മലയാളി സംരംഭകരടക്കമുള്ള വരുമായി സഹകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കെ സ്മാർട്ട് പദ്ധതിയുടെ വ്യാപനം, ധാതുക്കളടക്കമുള്ളവയിൽ നിന്ന് തദ്ദേശീയമായി ഉൽപ്പാദിപ്പിക്കാവുന്ന ഉൽപ്പന്നങ്ങളുടെ നിർമാണം എന്നിവക്ക് സംസ്ഥാന സർക്കാർ പരിഗണന നൽകി വരുന്നു.

വിവിധ മേഖലകളിൽ നിന്നെത്തിയ പ്രൊഫഷണലുകൾ നൽകിയ നിർദേശങ്ങളെ സംസ്ഥാന സർക്കാർ ഗൗരവപൂർണമായി കാണും. സാമൂഹിക നീതിയിലധിഷ്ഠിതവും സുസ്ഥിരവുമായി എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന നവകേരള സൃഷ്ടിയുടെ ഭാഗമായി ഓരോ വ്യക്തിയും തുടരണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യുട്ടീവ് വൈസ് പ്രസിഡന്റ് പ്രൊഫ. കെ പി സുധീർ മോഡറേറ്ററായി.

## ഫയർ ആൻഡ് സേഫ്റ്റി ഡിപ്ലോമ കോഴ്സ്

ആറ്റിങ്ങൽ സർക്കാർ ഐ.ടി.ഐയിൽ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന തൊഴിലധിഷ്ഠിത പ്ലേസ്മെന്റ് സപ്പോർട്ടോടുകൂടിയ ഒരു വർഷ ഡിപ്ലോമ ഇൻ ഫയർ ആൻഡ് സേഫ്റ്റി കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു യോഗ്യത ഉള്ളവർക്ക് അപക്ഷിക്കാം. ഫോൺ: 8111806626.

## ട്രംപുമായി ഖത്തറിൽ കൂടിക്കാഴ്ച നടത്തി മുകേഷ് അംബാനി

ദോഹ: അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തി റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി. ഖത്തറിലായിരുന്നു ഇരുവരുടേയും കൂടിക്കാഴ്ച. ഖത്തർ ട്രംപിന് നൽകുന്ന അത്താഴവിരുന്നിനിടെ ദോഹയിലെ ലുസെൽ പാലസിൽ വച്ചായിരുന്നു ഇരുവരും തമ്മിൽ കൂടിക്കാഴ്ച നടത്തിയത്.

ജനുവരിൽ അധികാരമേറ്റെടുത്തതിനുശേഷം ഇത് രണ്ടാം തവണയാണ് ഡോണൾഡ് ട്രംപും മുകേഷ് അംബാനിയും തമ്മിൽ കൂടിക്കാഴ്ച നടത്തുന്നത്.

## മണിപ്പൂരിൽ ഏറ്റുമുട്ടൽ; 10 ആയുധധാരികളെ സുരക്ഷാ സേന വധിച്ചു

ഇംഫാൽ: മണിപ്പൂരിൽ 10 ആയുധധാരികളെ സുരക്ഷാ സേന വധിച്ചു. വലിയ ആയുധ ശേഖരവും സുരക്ഷാ സേന പിടിച്ചെടുത്തിട്ടുണ്ട്. മ്യാൻമർ അതിർത്തിയിലാണ് ഏറ്റുമുട്ടലുണ്ടായത്. നേരത്തെ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്ത് സുരക്ഷാസേന പരിശോധന ശക്തമാക്കിയിരുന്നു. പരിശോധനയ്ക്കിടെ സുരക്ഷാസേനയ്ക്കുനേരെ ആയുധധാരികൾ വെടിയുതിർക്കുകയായിരുന്നു. പ്രദേശത്ത് പരിശോധന തുടരുകയാണ്.

## ലൈസൻസില്ലാതെ ലോറിയിൽ സ്ഫോടക വസ്തു കടത്താൻ ശ്രമം; ഡ്രൈവർ അറസ്റ്റിൽ

പാലക്കാട്: വാളയാറിൽ ലൈസൻസില്ലാതെ ലോറിയിൽ കടത്താൻ ശ്രമിച്ച വൻ സ്ഫോടക വസ്തു ശേഖരം പിടികൂടി. ചരക്ക് ലോറി ഡ്രൈവർ കോയമ്പത്തൂർ സ്വദേശി മണികണ്ഠനെ പോലീസ് അറസ്റ്റ് ചെയ്തു.

പതിവ് വാഹന പരിശോധനയ്ക്കിടെയാണ് തമിഴ്നാട് രജിസ്ട്രേഷൻ ചരക്കു ലോറി വാളയാ4 സിഐയുടെയും സംഘത്തിന്റെയും ശ്രദ്ധയിൽപെട്ടത്. ചെക്ക് പോസ്റ്റും കടന്ന് റോഡരികിൽ നി4ത്തിയിട്ടിയിരിക്കുകയായിരുന്നു ലോറി. ലോറിക്കരികിൽ പോലീസ് എത്തിയപ്പോൾ ഡ്രൈവ4 ഇറങ്ങിയോടാൻ ശ്രമിച്ചു. പോലീസ് ഉദ്യോഗസ്ഥരുടെ ചോദ്യത്തിന് പച്ചക്കറി ഇറക്കി തിരികെ വരികയാണെന്നായിരന്നു ഡ്രൈവർ വിശദമാക്കിയത്. എന്നാൽ ഇയാളുടെ പെരുമാറ്റത്തിൽ സംശയം തോന്നിയ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ 200 കടലാസു പെട്ടികളിലായി 25400 ജലാറ്റിൻ സ്റ്റിക്കുകളും 12 പെട്ടികളിലായി 1500 ഡിറ്റനേറ്ററുകളും കണ്ടെത്തി. സേലത്ത് നിന്ന് പാലക്കാട്ടെ ക്വാറികളിലേക്കായിരുന്നു സ്ഫോടക വസ്തുക്കളെത്തിച്ചതെന്നാണ് ഡ്രൈവറുടെ മൊഴി. വെള്ളിയാഴ്ച വൈകുന്നേരത്തോടെയാണ് ഇയാളെ പോലീസ് അറസ്റ്റ് ചെയ്തത്. ആർക്ക് വേണ്ടിയാണ് സ്ഫോടക വസ്തുക്കളെത്തിച്ചതെന്ന കാര്യം വിശദമായ ചോദ്യം ചെയ്യലുകൾക്ക് ശേഷമേ വ്യക്തമാവൂവെന്ന് പോലീസ് വിശദമാക്കുന്നത്.

## അട്ടാരി–വാഗ അതിർത്തി തുറന്നു, ഇന്ത്യയിലേക്കെത്തിയത് ചരക്കുലോറികൾ

ന്യൂഡൽഹി: പഹൽഗാം ഭീകരവാദ ആക്രമണത്തിന് പിന്നാലെ അടച്ച ഇന്ത്യ–പാക്കിസ്ഥാൻ അതിർത്തിയായ അട്ടാരി വാഗ ബോർഡർ തുറന്നു. 23 ദിവസത്തെ ഇടവേളയ്ക്ക് ശേഷമാണ് അട്ടാരി – വാഗ ബോർഡർ തുറന്നത്.

അഫ്ഗാനിസ്ഥാനിൽനിന്നും ഡ്രൈ ഫ്രൂട്ട്സുമായി എത്തിയ എട്ട് ട്രക്കുകളാണ് അതിർത്തി വഴി ഇന്ത്യയിലേക്കെത്തിയത്. കേന്ദ്രസർക്കാരിന്റെ പ്രത്യേക അനുമതി പ്രകാരമാണ് നടപടി.ഇന്ത്യ–പാക് സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ 150 ഓളം ചരക്കു ലോറികൾ ലാഹോറിനും വാഗയ്ക്കുമിടയിൽ കുടുങ്ങിയിരുന്നു. വെടിനിർത്തൽ ധാരണ നിലവിൽ വന്നതോടെയാണ് അഫ്ഗാൻ ചരക്കുവാഹനങ്ങൾക്ക് മാത്രമായി അതിർത്തി തുറന്നത്. ഏപ്രിൽ 24 മുതൽ അട്ടാരി അതിർത്തിയിൽ കുടുങ്ങിയ നിലയിലായിരുന്നു ഈ ട്രക്കുകൾ.

## സൽമാൻ റുഷ്ദിയെ കുത്തിക്കൊല്ലാൻ ശ്രമിച്ച കേസിൽ ഹാദി മതാറിന് 25 വർഷം തടവ്

ന്യൂയോർക്ക്: സൽമാൻ റുഷ്ദിയെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പിടിയിലായ ഹാദി മതാറിന് 25 വർഷം തടവുശിക്ഷ വിധിച്ച് വെസ്റ്റേൺ ന്യൂയോർക്ക് കോടതി. റുഷ്ദി പ്രസംഗിച്ചിരുന്ന വേദിയിലുണ്ടായിരുന്ന മറ്റൊരാളെക്കൂടി കുത്തിപ്പരിക്കേൽപ്പിച്ചതിന് ഏഴുവർഷം തടവുകൂടി മതാറിന് കോടതി വിധിച്ചിട്ടുണ്ട്. ഒരേസംഭവത്തിൽ രണ്ട് ഇരകൾക്ക് പരിക്കേറ്റതിനാൽ ശിക്ഷകളും ഒരേസമയം അനുഭവിക്കണമെന്ന് ഷൗതൗക്വാ കൗണ്ടി ജില്ലാ അറ്റോർണി ജനറൽ ജേസൺ ഷ്മിഡ്റ്റ് ഉത്തരവിട്ടു. 2022 ഓഗസ്റ്റ് പന്ത്രണ്ടിനാണ് ന്യൂയോർക്കിലെ ഷൗതൗക്വാ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രഭാഷണം തുടങ്ങുന്നതിനിടെ റുഷ്ദിയെ ഇരുപത്തിയേഴുകാരനായ ഹാദി മതാർ കുത്തിക്കൊല്ലാൻ ശ്രമിച്ചത്. പതിനേഴുദിവസം പെൻസിൽവാനിയയിലെ ആശുപത്രിയിലും മൂന്നാഴ്ച ന്യൂയോർക് സിറ്റി റീഹാബിലിറ്റേഷൻ സെൻററിലും കഴിഞ്ഞ റുഷ്ദിക്ക് ആക്രമണത്തിൽ വലതുകണ്ണ് നഷ്ടമായിരുന്നു. തോളെല്ലിനും സാരമായി പരിക്കേറ്റിരുന്നു.

## വേറിട്ട കാഴ്ച ഒരുക്കി വനം വകുപ്പ്

വന്യജീവി സംരക്ഷണം, വനസംരക്ഷണം, സർപ്പ കിയോസ്ക്, വനശ്രീ സ്റ്റോൾ, സെൽഫി പോയിന്റ് തുടങ്ങി വ്യത്യസ്തതയുടെ പുതിയൊരു ലോകം തീർക്കുകയാണ് എന്റെ കേരളം പ്രദർശന വിപണന മേളയിൽ വനം വകുപ്പിന്റെ സ്റ്റാൾ. കാട്ടാറും വന്യജീവികളും നിറഞ്ഞ കാടിന്റെ വന്യഭംഗിയുടെ ചെറുപതിപ്പ് തിരുവനന്തപുരത്ത് കനകക്കുന്നിൽ സന്ദർകർക്കായി തയാറാക്കിയിട്ടുണ്ട്. മുതിർന്നവർക്കും കുട്ടികൾക്കും ഒരേ വിധത്തിൽ കണ്ടാസ്വദിക്കാവുന്ന വിധത്തിലാണ് വനം–വന്യജീവി വകുപ്പ് ഒരുക്കിയിരിക്കുന്ന ഈ വിസ്മയം. ഒരു വനസഞ്ചാരം നടത്തുന്ന അനുഭവം സന്ദർശകർക്ക് പ്രദാനം ചെയ്യുന്ന തരത്തിലാണ് വനംവകുപ്പ് സ്റ്റാൾ ഒരുക്കിയിട്ടുള്ളത്. വനങ്ങളുടെ പാരിസ്ഥിതിക മൂല്യങ്ങൾ, വന പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെ വിവരണവും ഇൻസ്റ്റലേഷനും, മനുഷ്യ–വന്യജീവി ലഘൂകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെയും മിഷനുകളുടെയും ഇൻസ്റ്റലേഷൻ, വനം വകുപ്പിന്റെ നേട്ടങ്ങളെ സംബന്ധിച്ച വീഡിയോ പ്രദർശനം എന്നിവ മേളയിൽ ഉണ്ടായിരിക്കും.

പാമ്പുപിടുത്തവും പാമ്പുകളുമായി ബന്ധപ്പെട്ടതുമായ എല്ലാ സംശയങ്ങൾക്കും വനംവകുപ്പ് സ്റ്റാളിൽ മറുപടി ലഭിക്കും. പൊതുജനങ്ങൾക്ക് സർപ്പ ആപ്പ് ഡൗൺലോഡ് ചെയ്ത് നൽകി ഉപയോഗരീതിയുടെ പരിശീലനം തത്സമയം നൽകും. പാമ്പുകളെ പിടികൂടുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ പരിചയപ്പെടുത്തലും മേളയിൽ ഉണ്ടാകും. വനം വകുപ്പിന്റെ വിവിധ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ഇന്ററാക്ടീവ് കിയോസ്ക് വഴി അറിയുവാൻ കഴിയും. ഇരുപത്തിയേഴ് നക്ഷത്ര വൃക്ഷങ്ങൾ ഉൾപ്പെടുത്തി നക്ഷത്രവന മാതൃക വേറിട്ട കാഴ്ചയായിരിക്കും. ഹരിതകുടകൾ കൊണ്ട് വിവിധ പദ്ധതികളെ ഏകോപിപ്പിച്ച് രൂപപ്പെടുത്തിയ സെൽഫി പോയിന്റും വനം വകുപ്പ് സ്റ്റാളിന്റെ ആകർഷമാണ്. വിസ്മയ–കൗതുക കാഴ്ചകൾക്കൊപ്പം വേറിട്ട കലാപരിപാടികൾ ദിവസവും വൈകിട്ട് ആസ്വദിക്കാം. ചാറ്റുപ്പാട്ട്, ഗരുഡൻ നൃത്തം പോലുള്ള അന്യം നിന്നുപോയ കലാരൂപങ്ങളുടെ അവതരണം സ്റ്റാളിനെ കൂടുതൽ ആകർഷകമാക്കും.

കാട് കണ്ട് കനകക്കുന്നിറങ്ങുമ്പോൾ വെറും കൈയ്യോടെ മടങ്ങണ്ട. ശുദ്ധമായ കാട്ടു തേൻ ഉൾപ്പെടെയുള്ള വനവിഭവങ്ങളും ഉൽപന്നങ്ങളുമായി വനശ്രീയുടെ വിൽപന കൗണ്ടറും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. വിവിധ വന ഡിവിഷനുകളിൽ നിന്ന് ആദിവാസി/വന ഉദ്യോഗസ്ഥർ ശേഖരിച്ച 150 ഓളം വന ഉൽപ്പന്നങ്ങൾ വനശ്രീയിൽ വിൽപ്പനയ്ക്കായി ഒരുക്കിയിട്ടുണ്ട്. കാടിന്റെ തനിമ വിളിച്ചോതുന്ന വിവിധ വിഭവങ്ങൾ ഉൾപ്പെടുത്തിയ ഭക്ഷണശാലയും മേളയുടെ മറ്റൊരു ആകർഷണമാണ്.രാവിലെ 9 മണി മുതൽ രാത്രി 9 വരെ നടക്കുന്ന പ്രദർശനത്തിൽ പ്രവേശനം പൂർണ്ണമായും സൗജന്യമായിരിക്കും.

## കുറുപ്പംപടി പോക്സോ കേസ്; അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചു

കൊച്ചി: പെരുന്പാവൂർ കുറുപ്പംപടിയിൽ പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളെ പീഡിപ്പിച്ച കേസിൽ അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചു. കേസിൽ രണ്ട് കുറ്റപത്രങ്ങളാണ് പെരുമ്പാവൂർ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളത്. പെരുമ്പാവൂർ എഎസ്പിയുടെ നേതൃത്വത്തിലുള്ള സംഘമാണ് കുറ്റപത്രം സമർപ്പിച്ചത്. അമ്മയുടെ ആൺസുഹൃത്ത് ധനേഷ് രണ്ട് വർഷത്തോളം കുട്ടികളെ പീഡനത്തിനിരയാക്കിയെന്ന് കുറ്റപത്രത്തിൽ പറയുന്നു. അമ്മയും ആൺസുഹൃത്തും ചേർന്ന് കുട്ടികൾക്ക് മദ്യം നൽകിയിരുന്നെന്നും കുറ്റപത്രത്തിലുണ്ട്. പത്തും പന്ത്രണ്ടും വയസുള്ള രണ്ട് പെൺകുട്ടികളെ പീഡിപ്പിച്ച കേസിൽ കുട്ടികളുടെ രഹസ്യ മൊഴിയും ക്ലാസ് ടീച്ചർ അടക്കമുള്ളവരുടെ മൊഴികളുമാണ് നിർണായകമായത്. കേസിൽ ശാസ്ത്രീയ തെളിവുകളും ലഭിച്ചിട്ടുണ്ട്.

പീഡന വിവരം മറച്ചു വച്ചതിന് അമ്മയ്ക്കെതിരെ മറ്റൊരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. മൂന്നുമാസമായി അമ്മയ്ക്ക് പീഡനത്തെ കുറിച്ച് അറിയാമായിരുന്നുവെന്ന് ധനേഷും മൊഴി നൽകിയിരുന്നു. കുട്ടികൾ സഹപാഠികൾക്ക് എഴുതിയ കത്തിലൂടെയാണ് പീഡന വിവരം പുറത്തുവന്നത്. കുട്ടികളുടെ അമ്മയുമായി ഉണ്ടായിരുന്ന സൗഹൃദം മുതലെടുത്താണ് ധനേഷ് കുട്ടികളെ പീഡനത്തിന് ഇരയാക്കിയത്. പെൺകുട്ടികളുടെ സുഹൃത്തുക്കളെയും ദുരുപയോഗം ചെയ്യാനുള്ള പ്രതിയുടെ ശ്രമമാണ് പീഡന വിവരം പുറത്തറിയാൻ കാരണമായത്. മൂന്നു വർഷം മുമ്പ് പെൺകുട്ടികളുടെ പിതാവ് മരിച്ചിരുന്നു. നിലവിൽ പെൺകുട്ടികളെ ശിശുക്ഷേമ സമിതിയുടെ ഷെൽട്ടർ ഹോമിലേക്ക് മാറ്റിയിരിക്കുകയാണ്.

## മെസി കേരളത്തിൽ കളിക്കാനെത്തും; കായിക മന്ത്രി

തിരുവനന്തപുരം: ലയണൽ മെസിയും അർജൻറീനയും കേരളത്തിൽ കളിക്കാനെത്തുമെന്ന് കായിക മന്ത്രി വി. അബ്ദുറഹ്മാൻ. സ്പോൺസർ തുക അടച്ചാൽ ഒക്ടോബറിൽ തന്നെ മത്സരം നടക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

‘നിലവിൽ അർജൻറീനയുമായി സംസ്ഥാന സർക്കാർ നല്ല ബന്ധത്തിലാണ്. ടീം എത്തില്ല എന്നൊന്നും പറയാൻ കഴിയില്ല. ഇത് ഫിഫ മാച്ചല്ല. അവർക്ക് കളിക്കാൻ സാധിക്കുന്ന രണ്ട് സ്റ്റേഡിയങ്ങൾ നിലവിൽ കേരളത്തിലുണ്ട്. ഇത് സംബന്ധിച്ച് ഒരു ആശയകുഴപ്പവുമില്ല. ’-കായിക മന്ത്രി പറഞ്ഞു.

കാണികളെ കൂടുതൽ ഉൾക്കൊള്ളാൻ കഴിയുന്ന സ്റ്റേഡിയത്തിലായിരിക്കും കളി നടത്തുകയെന്നും. സ്റ്റേഡിയം സംബന്ധിച്ച് ആശങ്കയില്ലെന്നും മന്ത്രി പറഞ്ഞു. സ്പോൺസർക്ക് പണം അടയ്ക്കാൻ ഇനിയും സമയമുണ്ടെന്നും മന്ത്രി പറഞ്ഞു.

‘വാർത്ത കണ്ട് ആശങ്ക തനിക്കും ഉണ്ടായിരുന്നു. എന്നാൽ താൻ അർജന്റീന ഫുട്ബോൾ അസോസിയേഷനുമായി ബന്ധപ്പെട്ടു. ഉദ്ദേശിച്ച രീതിയിൽ പണമടച്ചാൽ കളി നടക്കുമെന്നാണ് അവർ പറഞ്ഞത്.

പണം അടയ്ക്കുമെന്ന് സ്പോൺസറും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ കളി നിശ്ചയിച്ച സമയത്ത് തന്നെ നടക്കും’- വി. അബ്ദുറഹ്മാൻ പറഞ്ഞു.

## എറണാകുളത്ത് മിന്നലേറ്റ് സ്ത്രീ മരിച്ചു

കൊച്ചി: എറണാകുളം കളമശേരിയിൽ മിന്നലേറ്റ് ഒരു മരണം. ലൈല എന്ന സ്ത്രീയാണ് മരിച്ചത്. രാത്രി 10. 45 ലൈലയ്ക്ക് മിന്നലേറ്റത്. ഇവരുടെ മൃതദേഹം കളമശേരി മെഡിക്കൽ കോളജിലേക്ക് മാറ്റി.

വീട്ടിലേക്ക് കയറുന്നതിനായി കാറിൽ നിന്ന് പുറത്തേക്കിറങ്ങിയപ്പോഴാണ് ഇവർക്ക് മിന്നലേറ്റത്. മെയ് 19,20 തീയതികളിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

മെയ് 19ന് വടക്കൻ ജില്ലകളായ കാസർഗോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലും 20ന് കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലുമാണ് മുന്നറിയിപ്പ് നൽകിയിട്ടുള്ളത്.

തെക്കൻ ബംഗാൾ ഉൾക്കടലിൽ കാലവർഷം സജീവമായതോടെ അടുത്ത ആഴ്ച അവസനത്തോടെ കേരളത്തിലും മഴ സജീവമായേക്കും.

കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ പ്രവചന പ്രകാരം മേയ് 16 മുതൽ 22 വരെ കേരളത്തിൽ എല്ലാ ജില്ലകളിലും മഴക്ക് സാധ്യതയുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



സ്കൂൾ തുറക്കലിന് മുന്നോടിയായി ഒരുക്കങ്ങൾ വിലയിരുത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയുടേയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷിന്റേയും നേതൃത്വത്തിൽ ചേർന്ന ഉന്നതതലയോഗം.

# കേരളത്തിലെ ആദ്യത്തെ പ്രിന്റിങ് വൊക്കേഷണൽ ഡിപ്ലോമ വിദ്യാർത്ഥികൾക്ക് തൊഴിലെന്ന സ്വപ്നം യാഥാർത്ഥമാക്കി അസാപ് കേരള

കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ നൈപുണ്യവികസന കേന്ദ്രമായ അസാപ് കേരളയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിങ് ടെക്നോളജി ആൻഡ് ഗവൺമെന്റ് പോളിടെക്നിക് കോളേജ് ഷൊർണൂരും (ഐപിടി & ജിപിടിസി) സംയുക്തമായി നടത്തിയ ഡിപ്ലോമ ഇൻ വൊക്കേഷണൽ ട്രെയിനിങ് ആൻഡ് പ്രിന്റിങ് ടെക്നോളജി കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഓഫർ ലെറ്റർ കൈമാറി.

കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷനുമായി ചേർന്ന് നടത്തിയ പ്ലേസ്മെന്റ് ഡ്രൈവിൽ പങ്കെടുത്ത 24 വിദ്യാർത്ഥികൾക്കാണ് ഓഫർ ലെറ്റർ കൈമാറിയത്. ചടങ്ങിൽ അസാപ് കേരള കരിക്കുലം വിഭാഗം മേധാവി ജെയിംസ് ടി ജി, പ്രോഗ്രാം മാനേജർ നിയാസ് അലി, ഐപിടി & ജിപിടിസി ഷൊർണൂർ പ്രിൻസിപ്പൽ ആശ ജി. നായർ, കെഎംപിഎ പ്രസിഡന്റ് ലൂയീസ് ഫ്രാൻസിസ്, സെക്രട്ടറി മൻമോഹൻ, സാജു എന്നിവർ സംസാരിച്ചു.

സംസ്ഥാനത്തെ 4 പോളിടെക്നിക്കുകളിലായി നടത്തിവരുന്ന 3 വർഷ വൊക്കേഷണൽ ഡിപ്ലോമ കോഴ്സിലെ കമ്പൽസറി ഇൻഡസ്ട്രി ട്രെയിനിങ് അസാപ് കേരളയുടെ നേതൃത്വത്തിലാണ് നടത്തിവരുന്നത്.

# കാസർഗോഡ് രേഷ്മ തിരോധാന കേസ്; 15 വർഷത്തിന് ശേഷം പ്രതി പിടിയിൽ

കാസർഗോഡ്: രാജപുരം എണ്ണപ്പാറ സർക്കാരി മൊയോലത്തെ ആദിവാസി പെൺകുട്ടി എം. സി. രേഷ്മയുടെ (17) തിരോധാനക്കേസിൽ 15 വർഷങ്ങൾക്കുശേഷം പ്രതി പിടിയിൽ. പാണത്തൂർ ബാപ്പുങ്കയം സ്വദേശി ബിജു പൗലോസ് ആണ് പിടിയിലായത്. രേഷ്മയെ കൊലപ്പെടുത്തി പുഴയിൽ തള്ളിയതായി നേരത്തെ പ്രതി പോലീസിന് മൊഴി നൽകിയെങ്കിലും മൃതദേഹം ലഭിക്കാത്തതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ ഒരു എല്ലിന്റെ ഭാഗം ലഭിച്ചതിനെത്തുടർന്ന് നടത്തിയ ഡിഎൻഎ പരിശോധനയിൽ അത് രേഷ്മയുടെതാണെന്ന് സ്ഥിരീകരിച്ചതിന് പിന്നാലെയാണ് അറസ്റ്റ്.

ക്രൈംബ്രാഞ്ച് കണ്ണൂർ എസ്പി പ്രജീഷ് തോട്ടത്തിലിന്റെ നേതൃത്വത്തിലാണ് കേസ് അന്വേഷിച്ചത്. 2010 ജൂൺ ആറിനാണ് ബളാംതോട് സർക്കാർ ഹയർസെക്കൻഡറി സ്കൂളിൽ നിന്ന് പ്ലസ് ടു പഠനം കഴിഞ്ഞ് കാഞ്ഞങ്ങാട് നഗരത്തിൽ ടിടിസി പരിശീലനത്തിനെത്തിയ രേഷ്മയെ കാണാതാവുന്നത്. തുടർന്ന് രേഷ്മയുടെ പിതാവ് എം. സി. രാമൻ 2011 ജനുവരി 19ന് അമ്പലത്തറ പോലീസിൽ പരാതി നൽകി. പോലീസ് അന്വേഷണം നടത്തിയെങ്കിലും രേഷ്മയെ കണ്ടെത്താനായില്ല. പാണത്തൂർ ബാപ്പുങ്കയം സ്വദേശിയായ ബിജു പൗലോസ് രേഷ്മയെ തട്ടിക്കൊണ്ടുപോയി അപായപ്പെടുത്തിയെന്നായിരുന്നു ബന്ധുക്കളുടെ പരാതി. 2021ൽ ഹേബിയസ് കോർപ്പസ് ആയി ആദ്യ കേസ് ഫയൽ ചെയ്തു. എന്നാൽ കേസ് തൃപ്തികരമല്ലെന്നും സിബിഐയ്ക്ക് വിടണമെന്നും കാട്ടി 2023ൽ രേഷ്മയുടെ കുടുംബം ഹൈക്കോടതിയിൽ വീണ്ടും കേസ് ഫയൽ ചെയ്തു.

2024 ഡിസംബർ ഒൻപതിന് കേസ് ക്രൈംബ്രാഞ്ച് കേസ് ഏറ്റെടുത്തു. അറസ്റ്റുണ്ടാകാനുള്ള സാധ്യത ഉയർന്നപ്പോഴെല്ലാം പ്രതി മുൻകൂർ ജാമ്യം തേടിയത് അന്വേഷണത്തെ പ്രതികൂലമായി ബാധിച്ചിരുന്നു. ഇതിനിടെ രേഷ്മയുടെ എല്ലിന്റെ ഭാഗം ലഭിച്ചത് കേസിൽ നിർണായക വഴിത്തിരിവായി.

# സ്കൂൾ കോമ്പൗണ്ടുകളിലെ അപകടാവസ്ഥയിലുള്ള കെട്ടിടഭാഗങ്ങൾ പൊളിച്ചു നീക്കാൻ തീരുമാനം

സംസ്ഥാനത്തെ സ്കൂൾ കോമ്പൗണ്ടുകളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന എല്ലാ കെട്ടിട ഭാഗങ്ങളും സ്കൂൾ തുറക്കും മുൻപ് പൊളിച്ചുനീക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷിന്റേയും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടിയുടേയും നേതൃത്വത്തിൽ ചേർന്ന ഉന്നതതലയോഗത്തിൽ തീരുമാനമായി.

പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച സ്കൂളുകളിൽ പോലും വർഷങ്ങൾ പഴക്കമുള്ള കെട്ടിടങ്ങൾ സാങ്കേതിക തടസങ്ങൾ മൂലം പൊളിക്കാനാവാതെ അപകടാവസ്ഥയിൽ നിലനിൽക്കുന്ന സാഹചര്യത്തിലാണ് തീരുമാനം.

പഴയ കെട്ടിടങ്ങൾ അടുത്തുണ്ടെന്ന കാരണത്താൽ പുതിയ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് കിട്ടാത്ത സാഹചര്യവും നിലവിലുണ്ട്. ദുരന്തനിവാരണ നിയമപ്രകാരം ഇതിന് ആവശ്യമായ നിർദേശം ജില്ലാ കളക്ടർമാർ നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങൾ പൊളിച്ചുനീക്കുകയും ചെയ്യും. സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുനിന്ന് ഉൾപ്പെടെ സ്കൂൾ കെട്ടിടങ്ങളുടെ മുകളിലേക്ക് വളർന്നുനിൽക്കുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റുന്നുവെന്ന് ഉറപ്പാക്കണം. സ്കൂൾ പരിസരത്ത് അപകടകരമായി നിൽക്കുന്ന മരങ്ങളും മുറിച്ചുമാറ്റും. പൂർണമായും സുരക്ഷിതമായ പഠനാന്തരീക്ഷം ലഭ്യമാകുമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കാനും നിർദേശിച്ചു.

സുരക്ഷാ ഭീഷണി ഇല്ലാത്തതും അപകട സാധ്യതയില്ലാത്തതുമായ സ്കൂളുകൾക്ക് പ്രൊവിഷണൽ ഫിറ്റ്നസ് നൽകി അധ്യയനത്തിന് അവസരമൊരുക്കാനും യോഗത്തിൽ തീരുമാനിച്ചു.

വിദ്യാർഥികളുടെ ജീവന് ഭീഷണിയുള്ള ഘടകങ്ങൾ ഒഴികെയുള്ള സാങ്കേതിക കാരണങ്ങളാൽ ഫിറ്റ്നസ് ലഭിക്കാത്ത സ്കൂൾ കെട്ടിടങ്ങൾക്കാണ് നിബന്ധനകൾക്ക് വിധേയമായി ഈ അധ്യയന വർഷത്തേക്ക് അനുവാദം നൽകുക. ചുമരുകളുടെ പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗിലെ ചെറിയ പ്രശ്നങ്ങൾ, ക്ലാസ് മുറിയുടെ വലുപ്പത്തിലെ അപാകതകൾ, ഫാൾസ് സീലിംഗ് ഇല്ലാത്തത് തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ ഫിറ്റ്നസ് ലഭിക്കാത്ത സ്കൂളുകൾക്കാണ് ഈ തീരുമാനം സഹായകരമാവുക.

ഒരു വർഷത്തിനകം ഫിറ്റ്നസ് പ്രശ്നങ്ങൾ പരിഹരിച്ച് കെട്ടിട നിർമ്മാണം ക്രമവത്കരിക്കാമെന്ന ഉറപ്പിന്മേൽ കഴിഞ്ഞ അധ്യയന വർഷം 140 സ്കൂളുകൾക്കായിരുന്നു ഫിറ്റ്നസ് നൽകിയത്. ഇതിൽ 44 സ്കൂളുകൾ നിർമാണം ക്രമവത്കരിച്ചു. 22 സ്കൂളുകൾ അപേക്ഷ നൽകി ക്രമവത്കരണത്തിന്റെ നടപടിക്രമങ്ങളിലാണ്. ഈ സ്കൂളുകൾക്ക് ഫിറ്റ്നസ് അനുവദിക്കും. കഴിഞ്ഞ വർഷം നിബന്ധനകൾക്ക് വിധേയമായി ഫിറ്റ്നസ് ലഭിക്കുകയും ക്രമവത്കരണത്തിന് അപേക്ഷിക്കുക പോലും ചെയ്യാത്ത 74 സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകുന്ന കാര്യം പരിഗണിക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു. ഈ സ്കൂളുകൾക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാൻ മന്ത്രി വി ശിവൻകുട്ടി നിർദേശം നൽകി.

യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. അദീലാ അബ്ദുള്ള, പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ്, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ഡോ. ചിത്ര എസ്, റൂറൽ ഡയറക്ടർ ദിനേശൻ ചെറുവാട്ട്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയർ സന്ദീപ് കെ ജി, ചീഫ് ടൗൺ പ്ലാനർ ഷിജി ചന്ദ്രൻ എന്നിവർ പങ്കെടുത്തു.

# കാളികാവിലെ നരഭോജി കടുവയുടെ ദൃശ്യങ്ങൾ വനം വകുപ്പിന്റെ കാമറയിൽ

മലപ്പുറം: കാളികാവ് അടയ്ക്കാക്കുണ്ടിലെ നരഭോജി കടുവയുടെ ദൃശ്യം വനംവകുപ്പിന്റെ കാമറയിൽ പതിഞ്ഞു. ഗഫൂറിനെ ആക്രമിച്ച സ്ഥലത്തുതന്നെയാണ് കടുവയെ കണ്ടതെന്ന് വനംവകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ട്. ഈ കടുവ സൈലന്റ് വാലിയിൽ നിന്നുള്ളതാണെന്നും വനം വകുപ്പിന്റെ ഡാറ്റ ലിസ്റ്റിലുള്ളതാണെന്നും ചീഫ് വെറ്ററിനറി സർജൻ അരുൺ സക്കറിയ വ്യക്തമാക്കി. അതേസമയം, കടുവയെ കണ്ടെത്താൻ ശ്രമം ഊർജിതമാക്കി. ഡ്രോൺ കാമറ ഉപയോഗിച്ച് കടുവയുടെ സാന്നിധ്യമുള്ള സ്ഥലം ഉറപ്പിക്കാനാണ് വനംവകുപ്പ് ശ്രമിക്കുന്നത്. സ്ഥലം തിരിച്ചറിഞ്ഞാൽ കുങ്കിയാനയെ ഉപയോഗിച്ച് പരിശോധന തുടരും. ഇതിനായി മുത്തങ്ങയിലെ കുഞ്ചു, കോന്നിയിലെ സുരേന്ദ്രൻ എന്നീ ആനകളെ സ്ഥലത്തെത്തിച്ചിട്ടുണ്ട്.

പാലക്കാട് വൈൽഡ് ലൈഫ് വാർഡൻ ഉമാ കമൽഹാറിന്റെ നേതൃത്വത്തിൽ ഡോ. അരുൺസക്കറിയയുടെ കീഴിൽ കടുവയെ കണ്ടെത്തുന്നതുവരെ തെരച്ചിൽ തുടരാനാണ് തീരുമാനം. 50 കാമറകൾ മേഖലയിൽ സ്ഥാപിച്ചിട്ടുണ്ട്. മൂന്നു സംഘങ്ങളായി തിരിഞ്ഞ് രണ്ടു മയക്കുവെടി വിദഗ്ധൻമാരടങ്ങുന്ന 60 അംഗങ്ങളാണ് റാവുത്തൻ കാട്ടിൽ കടുവക്കായി തെരച്ചിൽ നടത്തുന്നത്.

കടുവയുടെ കാൽപ്പാടുകൾ കണ്ടതല്ലാതെ മറ്റു സൂചനയൊന്നും ലഭിച്ചിട്ടില്ല. കെണി കൂടിമലയിൽ സ്ഥാപിച്ചിട്ടുണ്ട്.

തെരച്ചിൽ സംഘത്തിൽ നിന്ന് കടുവയെ ലൊക്കേറ്റ് ചെയ്തതായുള്ള വിവരം ലഭിച്ചാലുടൻ പുറപ്പെടാൻ തയാറായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉമ, നിലമ്പൂർ സൗത്ത് ഡിഎഫ്ഒ ജി. ധനിക്ലാൽ, മയക്കുവെടി വിദഗ്ധൻ ഡോ. അരുൺ സഖറിയ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്.

# കേസൊതുക്കാൻ വ്യവസായിൽനിന്ന് പണം തട്ടാൻ ശ്രമം; ഇഡി ഉദ്യോഗസ്ഥൻ ഒന്നാം പ്രതി

കൊച്ചി: ഇഡി കേസൊതുക്കാൻ വ്യവസായിൽനിന്ന് പണം തട്ടാൻ ശ്രമിച്ച കേസിൽ ഇഡി ഉദ്യോഗസ്ഥൻ ഒന്നാം പ്രതി. ഇഡി അസി. ഡയറക്ടർ ശേഖർ കുമാറിനെ വിജിലൻസ് കേസിൽ പ്രതി ചേർത്തു.

കോടതിയിൽ സമർപ്പിച്ച റിമാൻഡ് റിപ്പോർട്ടിലാണ് ഇഡി ഉദ്യോഗസ്ഥനാണ് ഒന്നാം പ്രതിയെന്ന് വിജിലൻസ് വ്യക്തമാക്കുന്നത്. ശേഖർ കുമാറുമായി ഗൂഢാലോചന നടത്തിയെന്ന് നേരത്തേ അറസ്റ്റിലായ വിൽസൺ മൊഴി നൽകിയത്. വ്യവസായിക്കെതിരേ കേസെടുത്ത വിവരം വിൽസനെ അറിയിച്ചതും ശേഖർ കുമാറാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഉദ്യോഗസ്ഥനായ ശേഖർ കുമാറും രണ്ടാം പ്രതി വിൽസനും വ്യാപക പണം തട്ടിപ്പ് നടത്തിയെന്നും ഇരുവരും ഗൂഢാലോചന നടത്തിയെന്നുമാണ് വിജിലൻസ് കണ്ടെത്തൽ. കൊല്ലം സ്വദേശിയായ കശുവണ്ടി വ്യവസായി ഇഡി കേസിൽപ്പെട്ടതോടെ തമ്മനം സ്വദേശിയായ വിൽസൺ ഇയാളെ സമീപിക്കുകയായിരുന്നു.

രണ്ട് കോടി നൽകിയാൽ ഇഡി കേസിൽ നിന്ന് ഒഴിവാക്കി തരാമെന്നായിരുന്നു വാദ്ഗാനം. 50 ലക്ഷം രൂപ നാല് തവണയായി കേരളത്തിന് പുറത്തുള്ള കമ്പനിയുടെ അക്കൗണ്ടിലേക്ക് ഇടണമെന്നായിരുന്നു ആവശ്യം.

രണ്ട് ലക്ഷം രൂപ പണമായി നൽകണമെന്നും പറഞ്ഞു. വ്യാപാരി ഇക്കാര്യം വിജിലൻസിനെ അറിയിച്ചു. പനമ്പിള്ളി നഗറിൽ പണം കൈമാറുമ്പോൾ വിജിലൻസ് പ്രതികളെ പിടികൂടുകയായിരുന്നു.

ഇത്തരത്തിൽപല കേസുകളിലും ഇവർ പ്രതികളെ സമീപിച്ച് പണം വാങ്ങിയിട്ടുണ്ടെന്നാണ് വിജിലൻസ് കണ്ടെത്തൽ.

# പ്രതിനിധി സംഘത്തിന്റെ വിദേശ സന്ദർശനം; സിപിഎം പങ്കെടുക്കുമെന്ന് എം. എ. ബേബി

ന്യൂഡൽഹി: പാക് ഭീകരതയെ കുറിച്ചും ഓപറേഷൻ സിന്ദൂറിനെക്കുറിച്ചും വിദേശ രാജ്യങ്ങളിൽ വിശദീകരണം നൽകാനുള്ള സർവകക്ഷി പ്രതിനിധി സംഘത്തിൽ സിപിഎം പ്രതിനിധി പങ്കെടുക്കും എന്ന് സിപിഎം ജനറൽ സെക്രട്ടറി എം. എ. ബേബി. വിമർശനം നിലനിർത്തിക്കൊണ്ടാണ് പ്രതിനിധി സംഘത്തിന്റെ ഭാഗമാവുകയെന്നും ബേബി വ്യക്തമാക്കി. 'വിദേശ രാജ്യങ്ങളിലെ പ്രതിനിധി സംഘത്തിന്റെ സന്ദർശനത്തെ സംബന്ധിച്ച് എൻഡിഎ മുഖ്യമന്ത്രിമാരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംസാരിച്ചെന്നും മറ്റ് മുഖ്യമന്ത്രിമാരുമായി സംസാരിക്കാൻ മോദി തയ്യാറായിട്ടില്ല. കേന്ദ്രത്തിൻറേത് വിവേചന പരമായ നടപടിയാണ്. വിഷയത്തിൽ കേന്ദ്രം പാർലമെൻറ് സമ്മേളനം വിളിക്കുന്നില്ല. '-എംഎ ബേബി പറഞ്ഞു. സർവകക്ഷി പ്രതിനിധി സംഘത്തിൽ ശശി തരൂരിന്റെ നേതൃത്വത്തെ കുറിച്ചുള്ള മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് തരൂർ വിഷയം കോൺഗ്രസ്സും തരൂരും ചർച്ച ചെയ്ത് തീരുമാനിക്കും എന്നാണ് എംഎ ബേബി മറുപടി പറഞ്ഞത്.

# യുവ അഭിഭാഷകയെ മർദിച്ച കേസ്; ബെയ്‌ലിൻ ദാസിന്റെ ജാമ്യാപേക്ഷയിൽ ഉത്തരവ് തിങ്കളാഴ്ച

തിരുവനന്തപുരം: ജൂനിയർ അഭിഭാഷകയെ ക്രൂരമായി മർദിച്ച കേസിൽ പ്രതിയായ അഭിഭാഷകൻ ബെയ്‌ലിൻ ദാസിന്റെ ജാമ്യാപേക്ഷയിൽ ഉത്തരവ് തിങ്കളാഴ്ച.

ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് ഹർജി പരിഗണിക്കുന്നത്. സ്ത്രീത്വത്തെ അപമാനിച്ച സംഭവം ഗൗരവമുള്ളതാണെന്ന് ജാമ്യാപേക്ഷയെ എതിർത്തുകൊണ്ട്പ്രോസിക്യൂഷൻ വാദിച്ചു. ഒരു വക്കീൽ ഓഫീസിന് ഉള്ളിൽ നടന്ന രണ്ട് ജൂനിയർ അഭിഭാഷകരുടെ തർക്കം, അതാണ് ഇത്തരം സംഭവത്തിൽ കലാശിച്ചതെന്ന് പ്രതിഭാഗവും വാദിച്ചു. എന്ത് ഉപാധിയോടെയാണെങ്കിലും ജാമ്യം നൽകണമെന്നും പ്രതിഭാഗം ആവശ്യപ്പെട്ടു.

എന്നാൽ ഇരു ഭാഗങ്ങളുടേയും വാദം കേട്ട കോടതി ജാമ്യം 19ലേക്ക് മാറ്റുകയായിരുന്നു. ചൊവ്വാഴ്ചയാണ് കേസിനാസ്പദമായ സംഭവം. ഇടതുകവിളിൽ അടിയേറ്റു വീണ ശ്യാമിലി എഴുന്നേറ്റു തടയുന്നതിനിടയിൽ കൈയിൽപിടിച്ചു തിരിച്ച ശേഷം ബെയ്‌ലിൻ ദാസ് വീണ്ടും കവിളിൽ അടിക്കുകയായിരുന്നുവെന്നാണ് റിമാൻഡ് അപേക്ഷയിൽ പറയുന്നത്.

ആക്രമണത്തിനു ശേഷം ഒളിവിൽ പോയ ബെയ്‌ലിൻ ദാസിനെ വ്യാഴാഴ്ച രാത്രി ഏഴോടെയാണ് തുമ്പ പോലീസ് കസ്റ്റഡിയിലെടുത്തത്.

# ബസ് കണ്ടക്ടറെ കുത്തിപരിക്കേൽപ്പിച്ചയാൾ അറസ്റ്റിൽ

മെഡിക്കൽ കോളജ്: ബസ് കണ്ടക്ടറെ കുത്തിപ്പരിക്കൽപ്പിച്ചയാളെ ഫോർട്ട് പോലീസ് അറസ്റ്റുചെയ്തു. മലയിൻകീഴ് മലയം സ്വദേശിയും നിലവിൽ എ. കെ. ജി സെൻററിന് സമീപം താമസിച്ചുവരുന്നയാളുമായ ബാബുരാജ് (46) ആണ് അറസ്റ്റിലായത്.

ഉണ്ണികൃഷ്ണൻ എന്ന സ്വകാര്യ ബസിലെ കണ്ടക്ടറും ചെറിയതുറ ഫിഷർമെൻ കോളനി സ്വദേശിയുമായ വിനോജ് (22) ആണ് ആക്രമണത്തിന് ഇരയായത്. ഫോർട്ട് സ്റ്റേഷൻ പരിധിയിൽ കിഴക്കേകോട്ട പെട്രോൾ പമ്പിന് സമീപം വ്യാഴാഴ്ച വൈകുന്നേരം ആറോടുകൂടി ബസ് നിർത്തിയിട്ടപ്പോഴായിരുന്നു അക്രമം.

കുത്തിൽ വിനോജിന്റെ മുഖത്തിനും തലയ്ക്കും ശരീരത്തിനും സാരമായി പരിക്കേറ്റു. ഉണ്ണികൃഷ്ണൻ എന്ന ബസിൽ മുമ്പ് ഡ്രൈവറായി ജോലി നോക്കി വന്നിരുന്ന ആളാണ് ബാബുരാജ്. മദ്യപാനി ആയതുകൊണ്ട് ഇയാളെ ജോലിയിൽനിന്ന് നീക്കം ചെയ്യുകയായിരുന്നു.

സംഭവദിവസം മദ്യപിച്ചെത്തിയ ബാബുരാജ് ബസിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ ശ്രമിച്ചപ്പോൾ വിനോജ് തടഞ്ഞതാണ് ആക്രമണത്തിൽ കലാശിച്ചത്. ബിനോജ് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

പരാതിയെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ പോലീസ് കസ്റ്റഡിയിലെടുക്കാൻ ചെന്നപ്പോൾ ബാബുരാജ് ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. ഇതിനിടെയുണ്ടായ വീഴ്ചയിൽ ഇയാളും പരിക്കേറ്റു ചികിത്സയിലാണ്. ഫോർട്ട് സിഐ ശിവകുമാറും സംഘവുമാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്. അറസ്റ്റിലായ പ്രതിയെ കോടതിയിൽ ഹാജരാക്കും.

# എ. പ്രദീപ് കുമാർ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

തിരുവനന്തപുരം: കോഴിക്കോട് നോർത്ത് മുൻ എംഎൽഎ എ. പ്രദീപ് കുമാർ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാകും. മുഖ്യമന്ത്രിയുടെ ഓഫീസ് ഇക്കാര്യം ഔദ്യോഗികമായി അറിയിച്ചു. കെ. കെ. രാഗേഷ് സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായി പോയ ഒഴിവിലേക്കാണ് നിയമനം. നിലവിൽ പ്രദീപ് കുമാർ സിപിഎം സംസ്ഥാന സംസ്ഥാന സമിതിയംഗമാണ്. സർക്കാരിന്റെ കാലാവധി തീരാൻ ഒരുവർഷം മാത്രമുള്ളതിനാൽ പ്രൈവറ്റ് സെക്രട്ടറി പാർട്ടിയിൽനിന്ന് വേണോ ഉദ്യോഗസ്ഥർ മതിയോ എന്നതരത്തിൽ ചർച്ച നടന്നിരുന്നു. അവസാനവർഷം നിർണായകമായതിനാൽ മുഖ്യമന്ത്രിയുടെ ഓഫീസിനെ ജാഗ്രതയോടെ നയിക്കാൻ രാഷ്ട്രീയപശ്ചാത്തലമുള്ളയാൾ വരുന്നതാണ് ഉചിതമെന്ന നേതാക്കളുടെ അഭിപ്രായംകൂടി പരിഗണിച്ചാണ് പാർട്ടി മുൻ എംഎൽഎയെ ഈ സ്ഥാനത്തേക്ക് നിയമിച്ചിരിക്കുന്നത്. 1964ൽ ഗോപാലകൃഷ്ണക്കുറിപ്പിന്റെയും കമലാക്ഷിയുടെയും മകനായി ചേലക്കാടാണ് പ്രദീപ് കുമാറിന്റെ ജനനം. എസ്എഫ്ഐയിലൂടെയാണ് രാഷ്ട്രീയ ജീവിതത്തിന് തുടക്കം. എസ്എഫ്ഐ സംസ്ഥാന പ്രസിഡൻറും സെക്രട്ടറിയുമായിരുന്നു. ഡിവൈഎഫ്ഐയുടെ സംസ്ഥാന സെക്രട്ടറിയായിരുന്നു. മൂന്നു തവണ എംഎൽഎയായി. കോഴിക്കോട് നോർത്തിൽ നിന്നു തുടർച്ചയായി രണ്ടു തവണ നിയമസഭയിലെത്തി.

# വിവാദം കോൺഗ്രസിനും സർക്കാരിനും ഇടയിലാണ്; അതേക്കുറിച്ച് തനിക്കറിയില്ല: ശശി തരൂർ

തിരുവനന്തപുരം: ഭീകരവാദത്തെ പിന്തുണയ്ക്കുന്ന പാക്കിസ്ഥാനെതിരെ ഇന്ത്യയുടെ നിലപാട് വിശദീകരിക്കാനുള്ള വിദേശയാത്രയ്ക്കായുള്ള പ്രതിനിധി സംഘത്തിലേക്കുള്ള കേന്ദ്ര സർക്കാരിന്റെ ക്ഷണം ബഹുമതിയായാണ് കാണുന്നതെന്ന് കോൺഗ്രസ് നേതാവും എംപിയുമായ ശശി തരൂർ. പ്രതനിധി സംഘത്തെ നയിക്കാൻ തന്നോട് ആവശ്യപ്പെട്ടത് കേന്ദ്രസർക്കാരാണെന്നും താൻ അഭിമാനത്തോടെ യെസ് പറഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു.

'താനൊരു പാർലമെൻററി കമ്മിറ്റിയുടെ അധ്യക്ഷൻ കൂടിയാണ്. വിവാദം കോൺഗ്രസിനും സർക്കാരിനും ഇടയിലാണ്. അതേക്കുറിച്ച് തനിക്കറിയില്ല'-ശശി തരൂർ വ്യക്തമാക്കി.

കേന്ദ്രസർക്കാരിൽ നിന്ന് പാർലമെൻററി കാര്യ മന്ത്രിയാണ് തന്നെ വിളിച്ചതെന്നും ഈ ക്ഷണത്തെ കുറിച്ച് താൻ പാർട്ടി നേതൃത്വത്തെ അറിയിച്ചിട്ടുണ്ടെന്നും തരൂർ പറഞ്ഞു. രാഷ്ട്രമുണ്ടെങ്കിലേ രാഷ്ട്രീയത്തിന് പ്രസക്തിയുള്ളൂ. 88 മണിക്കൂർ നീണ്ട യുദ്ധം നമ്മൾ കണ്ടതാണ്. ഇക്കാര്യത്തിൽ രാഷ്ട്രീയം കാണുന്നില്ലെന്നും തിരുവനന്തപുരം എംപി പറഞ്ഞു ഭാരതം ഒരു പ്രതിസന്ധിയിൽ നിൽക്കുമ്പോൾ, ഒരു പൗരനോട് ഒരു കാര്യം ആവശ്യപ്പെടുമ്പോൾ അത് നിറവേറ്റണമെന്നും തരൂർ പറഞ്ഞു. കോൺഗ്രസ് നേതൃത്വത്തിന് തന്റെ കഴിവിലും കഴിവില്ലായ്മയിലും വ്യത്യസ്തമായ അഭിപ്രായം കാണുമെന്നും. ആർക്കും തന്നെ അത്ര എളുപ്പത്തിൽ അപമാനിക്കാൻ കഴിയില്ലെന്നും തരൂർ കൂട്ടിച്ചേർത്തു.